# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ചങ്ങനാശ്ശേരി
കോട്ടയം-686101

ഇ-മെയിൽ: mlcsry.ksad@kerala.gov.in

ഫോൺ : 0481-2420044

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.- സി.വൈ.എം.3/362/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ചങ്ങനാശ്ശേരി
കോട്ടയം-686101
തീയ്യതി: 20/12/2021
ഇ-മെയിൽ: mlcsry.ksad@kerala.gov.in
ഫോൺ: 0481-2420044

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജീയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് കൊല്ലം.
4) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.- സി.വൈ.എം.3/362/2021 തീയ്യതി: 20/12/2021

## കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 30-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ | 01-03-2020 | 30-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-03-2020 | 30-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി രേഖ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി രാജശ്രീ വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ തോമസ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ശിവരാജ് പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ലാലിച്ചൻ ആന്റണി, കുന്നിപ്പറമ്പിൽ | ചെയർമാൻ | 01-04-2019 | 07-03-2020 |
| ശ്രീമതി അംബിക വിജയൻ(ചാർജ്ജ്) | ചെയർപേഴ്സൺ | 08-03-2020 | 25-03-2020 |
| ശ്രീ റ്റി.പി.അനിൽകുമാർ(ചാർജ്ജ്) | ചെയർമാൻ | 26-03-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എ.എസ്.ശ്രീകാന്ത് | സെക്രട്ടറി | 01-04-2019 | 06-09-2019 |
| ശ്രീ മധു കൈടഭജ(ചാർജ്ജ്) | സെക്രട്ടറി | 07-09-2019 | 19-09-2019 |
| ശ്രീ ഷിബു വി പി | സെക്രട്ടറി | 20-09-2019 | 31-03-2020 |
| ശ്രീമതി എൻ.വസന്തകുമാരി | കൃഷി ഫീൽഡ് ഓഫീസർ | 01-04-2019 | 13-08-2019 |
| ശ്രീ സുരേഷ് മാത്യു | കൃഷി ഫീൽഡ് ഓഫീസർ | 14-08-2019 | 25-09-2019 |
| ശ്രീ ജേക്കബ് മത്തായി | കൃഷി ഫീൽഡ് ഓഫീസർ | 26-09-2019 | 31-03-2020 |
| ഡോ.പി.ബിജു | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ തുളസീദാസ് ആർ | പ്രോജക്ട് ഓഫീസർ, നഗരകാര്യ നിർമ്മാർജ്ജന സെൽ | 01-04-2019 | 30-11-2019 |
| ശ്രീ ഷെജി കെ.എസ് | പ്രോജക്ട് ഓഫീസർ, നഗരകാര്യ നിർമ്മാർജ്ജന സെൽ | 09-12-2019 | 31-03-2020 |
| ശ്രീ ബാബു കെ.കെ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ സജിത്ത് എസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ ആൻസിമോൾ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി ബിന്ദു എസ് | അസി.എഞ്ചിനീയർ I | 01-04-2019 | 31-03-2020 |
| ശ്രീ സഫീർ എസ് | അസി.എഞ്ചിനീയർ I I | 01-04-2019 | 04-02-2020 |
| ശ്രീമതി ശ്രീലക്ഷ്മി എ | അസി.എഞ്ചിനീയർ I I | 05-02-2020 | 31-03-2020 |
| ശ്രീ അനൂപ് രാജ് | അസി.എഞ്ചിനീയർ I I I | 01-04-2019 | 31-03-2020 |
| ശ്രീമതി കെ.കെ.ഉഷാഭായി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി വിബിത സോമൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ പ്രകാശ് കുമാർ വി | പ്രിൻസിപ്പൽ, ഗവ.എച്ച്.എസ്.എസ്, ചങ്ങനാശ്ശേരി | 01-04-2019 | 31-03-2020 |
| ഡോ.അജിത്ത് കുമാർ എസ്.എൽ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sivaraj P (Auditor, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 30-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sivaraj P (Auditor, On 13-12-2021)<br>Last Updated By: Rekha R (Audit Officer (HG), On 17-12-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sivaraj P (Auditor, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-2 -1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Auditor, On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 18-12-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Thomas M (Senior Grade Auditor, On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 18-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Rekha R (Audit Officer (HG), On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajasree .V (Asst. Audit Officer, On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 15-12-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Rajasree .V (Asst. Audit Officer, On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 17-12-2021) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sivaraj P (Auditor, On 22-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 18-12-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Thomas M (Senior Grade Auditor, On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Thomas M (Senior Grade Auditor, On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 30-11-2021) | 1-10 |
| 12 | സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് - ഇടപാടുകൾ അക്കൗണ്ട് ചെയ്യുന്നതിൽ അപാകത<br>Written By: Sivaraj P (Auditor, On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 17-12-2021) | 1-11 |
| 13 | വസ്തു നികുതി ഒടുക്കിയപ്പോൾ സർവ്വീസ് സെസ്സും ലൈബ്രറി സെസ്സും ഒടുക്കിയില്ല<br>Written By: Sivaraj P (Auditor, On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 15-12-2021) | 1-12 |
| 14 | സഞ്ചയ സോഫ്റ്റ്‌വെയർ - ഡേറ്റാബേസ് പൂർത്തിയായിട്ടില്ല – വസ്തുനികുതി വിശദാംശങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അപാകത<br>Written By: Rajasree .V (Asst. Audit Officer, On 25-11-2021) | 1-13-1 |

| | | |
|---|---|---|
| | Last Updated By: Rekha R (Audit Officer (HG), On 20-12-2021) | |
| 15 | വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത<br>Written By: Rajasree .V (Asst. Audit Officer, On 23-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 15-12-2021) | 1-13-2 |
| 16 | വസ്തുനികുതി-കുറഞ്ഞതരം മേൽക്കൂരയുടെ അടിസ്ഥാനത്തിൽ ഇളവ് അനുവദിച്ചതിൽ അവ്യക്തത<br>Written By: Rajasree .V (Asst. Audit Officer, On 23-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 17-12-2021) | 1-13-3 |
| 17 | വസ്തു നികുതി - കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് വരുത്തിയിട്ടില്ല<br>Written By: Rajasree .V (Asst. Audit Officer, On 23-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 17-12-2021) | 1-13-4 |
| 18 | വസ്തു നികുതി -നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കിയതിൽ അവ്യക്തത<br>Written By: Rajasree .V (Asst. Audit Officer, On 23-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 15-12-2021) | 1-13-5 |
| 19 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണയിച്ചു<br>Written By: Rajasree .V (Asst. Audit Officer, On 23-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-13-6 |
| 20 | തൊഴിൽ നികുതി - പൊതു അപാകതകൾ<br>Written By: Sivaraj P (Auditor, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 17-12-2021) | 1-14-1 |
| 21 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല – നഗരസഭയ്ക്ക് വരുമാന നഷ്ടം<br>Written By: Sivaraj P (Auditor, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 17-12-2021) | 1-14-2 |
| 22 | 2.95 കോടി രൂപ സ്ഥാപന/ട്രേഡർ തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. -വിശദാംശം ലഭ്യമല്ല<br>Written By: Sivaraj P (Auditor, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-14-3 |
| 23 | കുത്തകക്കാർ ലേലത്തുക ജി.എസ്.ടി എന്നിവ ഒടുക്കുന്നില്ല.<br>Written By: Thomas M (Senior Grade Auditor, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-15-1 |
| 24 | പൊതുലേലം - കുത്തകക്കാരൻ ജി.എസ്.റ്റി ഒടുക്കിയിട്ടില്ല<br>Written By: Thomas M (Senior Grade Auditor, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 16-12-2021) | 1-15-2 |
| 25 | ആഞ്ഞിലിമരം ലേലം - എഫ്.ഡി.റ്റി ഈടാക്കി അടച്ചിട്ടില്ല<br>Written By: Thomas M (Senior Grade Auditor, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 17-12-2021) | 1-15-3 |
| 26 | നഗരസഭയുടെ അധീനതയിലുള്ള നിരവധി കെട്ടിടങ്ങളിലെ വാടക കരാർ പുതുക്കാതെ കുത്തകക്കാർ തുടരുന്നു<br>Written By: Thomas M (Senior Grade Auditor, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-16-1 |
| 27 | വാടക കുടിശ്ശിക ഈടാക്കുന്നില്ല<br>Written By: Thomas M (Senior Grade Auditor, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-16-2 |
| 28 | ലൈസൻസ് അപാകതകൾ<br>Written By: Thomas M (Senior Grade Auditor, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-17 |

| | | |
|---|---|---|
| 29 | വിനോദ നികുതി -നഗരസഭയുടെ വരുമാനം കുറഞ്ഞു<br>Written By: Rajasree .V (Asst. Audit Officer, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 16-12-2021) | 1-18 |
| 30 | പരസ്യ ചാർജ്- നടപടിക്രമങ്ങൾ പാലിക്കുന്നില്ല<br>Written By: Rajasree .V (Asst. Audit Officer, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 16-12-2021) | 1-19 |
| 31 | നഗരസഭയിലെ റഗുലർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് എസ്.എൽ.ഐ, ജി.ഐ.എസ് വിഹിതം ഈടാക്കി അടവാക്കുന്നില്ല<br>Written By: Thomas M (Senior Grade Auditor, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 16-12-2021) | 1-20 |
| 32 | മുൻക്കൂർ തുകകൾ ക്രമീകരിക്കുന്നില്ല - 1,78,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Thomas M (Senior Grade Auditor, On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 17-12-2021) | 1-21 |
| 33 | ജീവനക്കാരുടെ ഡി.എ കുടിശ്ശിക യഥാസമയം പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചില്ല- നഗരസഭയ്ക്ക് അധിക സാമ്പത്തിക ബാധ്യത<br>Written By: Rajasree .V (Asst. Audit Officer, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-22 |
| 34 | ലാപ് ടോപ്പ് വാങ്ങൽ (SC) --അധിക തുക കെൽട്രോണിന് നൽകി<br>Written By: Rajasree .V (Asst. Audit Officer, On 22-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 16-12-2021) | 1-23 |
| 35 | അന്താരാഷ്ട്ര മൾട്ടിപർപ്പസ് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം - സ്ഥലം വാങ്ങി 22 വർഷത്തിനു ശേഷവും പദ്ധതി ഫയലിൽ ഒതുങ്ങുന്നു<br>Written By: Rekha R (Audit Officer (HG), On 23-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 16-12-2021) | 1-24 |
| 36 | 6.8 ലക്ഷം ചെലഴിച്ച് സ്ഥാപിച്ച നിരീക്ഷണ ക്യാമറകൾ പ്രവർത്തനക്ഷമമല്ല – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Rajasree .V (Asst. Audit Officer, On 17-12-2021)<br>Last Updated By: Rajasree .V (Asst. Audit Officer, On 17-12-2021) | 1-25 |
| 37 | പൊതുടാപ്പുകളുടെ വെള്ളക്കരം, വൈദ്യുത ചാർജ് കുടിശ്ശിക - ഗ്രാന്റിൽ കുറവ് ചെയ്യുന്നത് സംബന്ധിച്ച്<br>Written By: Thomas M (Senior Grade Auditor, On 26-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 16-12-2021) | 1-26 |
| 38 | സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതി - കൃത്യമായ ആസൂത്രണമില്ലാതെ തുക ചെലവഴിക്കൽ മാത്രം തുടരുന്നു<br>Written By: Rajasree .V (Asst. Audit Officer, On 22-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-27 |
| 39 | മരാമത്ത് പ്രവൃത്തി -യഥാസമയം കരാർ ചമയ്ക്കാത്തതിനുള്ള പിഴ ഈടാക്കിയിട്ടില്ല<br>Written By: Rekha R (Audit Officer (HG), On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-28 |
| 40 | ടെണ്ടർ ഡിഡക്ഷൻ കുറവു ചെയ്യതിൽ അപാകത- അധികം നൽകിയ ₹ 5,382 സർക്കാരിലേക്ക് തിരികെ അടച്ചു<br>Written By: Rekha R (Audit Officer (HG), On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 17-12-2021) | 1-29 |
| 41 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായ ഉപകരണം -- | 1-30 |

| | | |
|---|---|---|
| | 2018-19ൽ നടപ്പാക്കിയ പദ്ധതി - ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല<br>Written By: Thomas M (Senior Grade Auditor, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 18-12-2021) | |
| 42 | ഐ.കെ.എം. വിഹിതം നൽകൽ - അധികം നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: Rajasree .V (Asst. Audit Officer, On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 16-12-2021) | 1-31 |
| 43 | എ ബി സി പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: Rajasree .V (Asst. Audit Officer, On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-32 |
| 44 | ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിക്കുന്ന ആസ്തികൾ തുടർപ്രവർത്തനം ഇല്ലാതെ നിഷ്ക്രിയമാകുന്നു<br>Written By: Rekha R (Audit Officer (HG), On 24-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-33 |
| 45 | യു.ഐ.ഡി.എസ്.എസ്.എം.റ്റി ഖരമാലിന്യ പരിപാലനം പദ്ധതി നടപ്പാക്കിയില്ല – 10 വർഷത്തിനു ശേഷം തുക തിരിച്ചടച്ചു<br>Written By: Rajasree .V (Asst. Audit Officer, On 22-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-34 |
| 46 | നഗരസഭ സെക്രട്ടറിമാരുടെ ശമ്പളവും അലവൻസുകളും, പെൻഷൻ അംശദാനം എന്നിവ അടവാക്കുന്നില്ല<br>Written By: Thomas M (Senior Grade Auditor, On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-35 |
| 47 | സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് പെൻഷൻ അംശദാനം അടവാക്കുന്നില്ല<br>Written By: Thomas M (Senior Grade Auditor, On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-36 |
| 48 | ലൈബ്രറി സെസ്സ് - നഗരസഭയ്ക്ക് ബാധ്യത - വൻതുക കുടിശ്ശിക അടവാക്കാൻ ബാക്കി<br>Written By: Thomas M (Senior Grade Auditor, On 17-12-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-37 |
| 49 | പി.എം.എ.വൈ -ലൈഫ് വിഹിതം -അവലോകനം<br>Written By: Rajasree .V (Asst. Audit Officer, On 22-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-38 |
| 50 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി -ആസ്തി സൃഷ്ടിക്കപ്പെടുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല<br>Written By: Rajasree .V (Asst. Audit Officer, On 22-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 1-39 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rekha R (Audit Officer (HG), On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 15-12-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rekha R (Audit Officer (HG), On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 17-12-2021) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Rekha R (Audit Officer (HG), On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 15-12-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Rekha R (Audit Officer (HG), On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 15-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Rekha R (Audit Officer (HG), On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 17-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Rekha R (Audit Officer (HG), On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 18-12-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Rekha R (Audit Officer (HG), On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 17-12-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Rekha R (Audit Officer (HG), On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 15-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rekha R (Audit Officer (HG), On 17-12-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Rekha R (Audit Officer (HG), On 25-11-2021)<br>Last Updated By: Rekha R (Audit Officer (HG), On 20-12-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 16.02.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 12.03.2020ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ നഗരസഭയുടെ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബഡ്ജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 12,47,77,438 | 7,44,87,152 | | 5,02,90,286 |
| വരവ് | 40,00,21,807 | 23,30,10,663 | | 16,70,11,144 |
| ആകെ | 52,47,99,245 | 30,74,97,815 | | 21,73,01,430 |
| ചെലവ് | 42,54,85,119 | 23,77,02,384 | | 18,77,82,735 |
| നീക്കിയിരിപ്പ് | 9,93,14,126 | 6,97,95,431 | | 2,95,18,695 |

ഒരു സാമ്പത്തിക വർഷത്തെ 9 മാസത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകളുടെയും 3 മാസത്തെ പ്രതീക്ഷിത വരവ് ചെലവ് എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിലാണ് പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നത്. ആയതിനാൽ പുതുക്കിയ ബജറ്റ് സംക്ഷിപ്തം പ്രകാരമുള്ള തുകകളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ്/ചെലവ്/നീക്കിബാക്കി തുകകളുമായി വലിയ വ്യതിചലനം ഉണ്ടാകാൻ പാടുള്ളതല്ല. ആയതിനാൽ 2019-20ലെ പുതുക്കിയ ബജറ്റും 2019-20 ലെ ധനകാര്യപത്രിക പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. തുടർ വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | റിമാർക്സ് |
|---|---|---|---|
| 2019-20 | 31.07.2020 | 30.07.2020 | വാർഷിക ധനകാര്യപത്രിക പ്രാഥമിക പരിശോധനയ്ക്കുശേഷം നടത്തിയ വിശദമായ പരിശോധന പ്രകാരം വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട് |

### 1-2 -1 വാർഷിക കണക്കിലെ അപാകതകൾ

നഗരസഭയുടെ 2019-20 വർഷത്തെ വാർഷിക ധനകാര്യപത്രിക 30.07.2020 തീയതിയിൽ ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. ബി1 ഷെഡ്യൂളിലെ ജനറൽ ഫണ്ട് (85,02,264.40) തുകയുടെ ആധികാരികതയോ കൃത്യതയോ വ്യക്തമല്ല.
2. ബി2 ഷെഡ്യൂൾ ഏൺമാർക്ക്ഡ് ഫണ്ട് തുക 44,57,225/-രൂപ സംബന്ധിച്ച വിശദാംശം ലഭ്യമല്ല.
3. ചെലവാകാതെ അവശേഷിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച രജിസ്റ്ററോ രേഖകളോ ലഭ്യമല്ല. ആയതിനാൽ ബി4 ഷെഡ്യൂൾ പ്രകാരമുള്ള വിവിധ ഗ്രാന്റുകളിൽ അവശേഷിക്കുന്ന

തുകകളുടെ കൃത്യത വ്യക്തമല്ല.

4. ബി7 ഷെഡ്യൂൾ പ്രകാരമുള്ള 6.02 കോടി രൂപ നഗരസഭ ഡെപ്പോസിറ്റായി സ്വീകരിച്ചതിൽ തിരികെ നൽകാൻ അവശേഷിക്കുന്ന തുകയുടെ ആധികാരികത വ്യക്തമല്ല. വിവിധ ഡെപ്പോസിറ്റുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുകയോ അവയുടെ വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത തുകയിൽ നഗരസഭയിലേയ്ക്ക് മുതൽക്കൂട്ടേണ്ട തുകകൾ എത്രയെന്നതിലും വ്യക്തതയില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല എന്നതിനാൽ ബി11 ഷെഡ്യൂൾ പ്രകാരം സുസ്ഥിര ആസ്തികളുടെ വിവരവും വിശദാംശവും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് സംബന്ധിച്ച വ്രക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി 11ഷെഡ്യൂളിലെ ഈ ഇനത്തിലുള്ള തുകയുടെ കൃത്യത വ്യക്തമല്ല.

7. ബി9 ഷെഡ്യൂൾ പ്രകാരമുള്ള സൺട്രി ക്രെഡിറ്റേഴ്സ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ഗവൺമെന്റ്/അദർ ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8. 350110100 – Gross Salary Payable ശീർഷകത്തിൽ തെറ്റായി മുൻവർഷങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെട്ട 22,95,515/-രൂപ 31.03.2020ലും നിലനിൽക്കുന്നു.

9. 350110600-ശീർഷകത്തിലെ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കേണ്ട തുക സംബന്ധിച്ച് വിശദാംശം ലഭ്യമല്ല.

10. 01.04.2013 മുതൽ സേവനത്തിൽ പ്രവേശിക്കുന്നവർക്ക് ബാധകമായ NPS ജീവനക്കാരുടെ വിഹിതവും സ്ഥാപന വിഹിതവും പ്രത്യേക ഹെഡ്ഡുകളിൽ റിക്കവർ ചെയ്ത് അടവാക്കുന്നതായി കാണുന്നില്ല. 31.03.2020ലെ ബി9 ഷെഡ്യൂൾ പ്രകാരം സ്ഥാപന വിഹിതത്തിൽ 2,97,654/-രൂപയും ജീവനക്കാരുടെ വിഹിതത്തിൽ 55,716/-രൂപയുമാണ് നിലനിൽക്കുന്നത്. തുല്യമായി അടവാക്കേണ്ട തുകകളിലെ വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമല്ല.

11. 350300700-Luxury Tax Payable ശീർഷകത്തിൽ നെഗറ്റീവ് തുക നിലനിൽക്കുന്നതിന്റെ കാരണം വ്യക്തമല്ല.

12. 350300700, 350300800 ശീർഷകങ്ങളിലെ GST, SGST തുകകളിലെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

13. 350300810 -Government And Other Dues Payable -TDS -SGST ശീർഷകത്തിൽ നെഗറ്റീവ് തുക കാണിച്ചിരിക്കുന്നു.

14. വസ്തുനികുതി മുൻകൂർ, സർവ്വീസ് സെസ്സ് മുൻകൂർ തുകകൾ പൊരുത്തപ്പെടുന്നില്ല(വസ്തു നികുതിയുടെ 10% ആണ് സേവന നികുതി)

15. തൊഴിൽ നികുതി മുൻവർഷത്തെ അഡ്വാൻസ് തുക 2019-20 വർഷം ക്രമീകരിക്കാതെ 31.03.2020ലെ ബാലൻസ് ഷീറ്റിലും നിലനിൽക്കുന്നു. (24,140/-)

16. ബി21ഷെഡ്യൂളിലെ വരവിനങ്ങൾക്ക് 72,21,156/-രൂപയുടെ പ്രൊവിഷൻ കൊടുത്തിരിക്കുന്നത് എപ്രകാരമെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല

17. വാർഷിക കണക്കുകൾ പ്രകാരം ലൈബ്രറി സെസ് വരവ് 16,85,215/-രൂപയും (RP-29) ലൈബ്രറി കൗൺസിലിൽ ഒടുക്കിയത് 90,29,27/- രൂപയുമാണ്. ഹാജരാക്കിയ രജിസ്റ്ററിലെ സ്റ്റേറ്റുമെന്റുകൾ ആധികാരികമല്ല.31.03.2020ലെ ബാലൻസ് ഷീറ്റിലെ ലൈബ്രറി സെസ്സ് തുകയുടെ കൃത്യത വ്യക്തമല്ല.

18. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബി-18 ഷെഡ്യൂളിലെ ബാധ്യത തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. അഡ്വാൻസ് നൽകിയ തുകയിൽ 31.03.2020 ൽ ഏകദേശം 1.5 കോടി രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. (അനുബന്ധ രേഖകൾ ലഭ്യമല്ല)

19. നഗരസഭയുടെ അക്രൂവൽ വരവിനങ്ങളുടെ ഡിമാന്റ് കൃത്യത നിർണ്ണയിക്കപ്പെട്ടിട്ടില്ല.

20. സർവ്വീസ് സെസ്സ് ഇനത്തിൽ ലഭിക്കാനുള്ള തുക (വസ്തു നികുതിയുടെ 10%) ബി-15 ഷെഡ്യൂളിൽ

പ്രതിഫലിച്ചിട്ടില്ല. വസ്തുനികുതിക്ക് ആനുപാതികമായി സർവ്വീസ് സെസ്സ് തുകയും ഡിമാന്റ് ജേർണൽ വൗച്ചർ തയ്യാറാക്കി അക്കൗണ്ട് ചെയ്യാത്തത് മൂലമാണ് പ്രസ്തുത അപാകത നിലനിൽക്കുന്നത്.

21. സഞ്ചയ റവന്യൂ മോഡ്യൂൾ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് കളക്ഷൻ - ബാലൻസ് കണക്കുകൾ സാംഖ്യ ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

22. ജീവനക്കാരുടെ തൊഴിൽ നികുതി വരവ് തുക റസീപ്റ്റ് & പേമെന്റ് പ്രകാരമുള്ളതും ഇൻകം &എക്സ്പെൻഡിച്ചർ പ്രകാരമുള്ളതും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. അക്കൗണ്ടിംഗ് ക്രമീകരണം നടത്തിയത് റസീപ്റ്റ് & പേയ്മെന്റ് ൽ പ്രതിഫലിക്കാത്തതിനാലാണ് അപാകത നിലനിൽക്കുന്നത്.

23. ട്രേഡർ/സ്ഥാപന തൊഴിൽ നികുതി അക്രൂവൽ വരവിനമാണ്. ആസ്തി ശീർഷകമായ 431190101ൽ അക്കൗണ്ട് ചെയ്യേണ്ട ₹31,800 അക്രൂവൽ ശീർഷകമായ 110100100 ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

24. ജീവനക്കാരുടെ തൊഴിൽ നികുതി 2019-20 റെസീപ്റ്റ് പേയ്മെന്റ് പ്രകാരം 92,70,449/- രൂപയും ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം 96,56,699/-രൂപയുമാണ്. 10ന്റെ ഗുണിതങ്ങളായി മാത്രം ഒടുക്കേണ്ട തൊഴിൽ നികുതി വരവ്(സ്ളാബ്) മറ്റൊരു തുക വന്നതിന്റെ കാരണം വ്യക്തമല്ല.

25. I-18 Prior Period Item കണക്കുകൾ വിശദീകരിക്കപ്പെട്ടിട്ടില്ല

26. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) പ്രകാരമുള്ള ചെലവ് 2,13,82,758/-രൂപയും വാർഷിക ധനകാര്യപത്രിക പ്രകാരം 2,08,83,917/-രൂപയുമാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല

27. വികസനഫണ്ട് ജനറൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) പ്രകാരമുള്ള ചെലവ് 2,76,61,453/-രൂപയും വാർഷിക ധനകാര്യപത്രിക പ്രകാരം 2,76,11,453/-രൂപയുമാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല

28. നികുതി/നികുതിയേതര അക്രൂവൽ വരവുകളുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. വാർഷിക കണക്കുകളിലെ പ്രസ്തുത തുകകളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

29. തൊഴിൽരഹിത വേതനം 06/2019ൽ ലഭിച്ച 57,600/-രൂപ മാത്രമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. 11/2019ൽ ലഭിച്ച 20,880/-രൂപ അക്കൗണ്ട് ചെയ്തിട്ടില്ല.

30. ക്ഷേമപെൻഷൻ തുകകൾ ACR പ്രകാരമുള്ളത് ധനകാര്യപത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്ഷേമപെൻഷൻ | ACR പ്രകാരം | ധനകാര്യപത്രിക |
|---|---|---|
| വിധവ പെൻഷൻ | 1,16,98,200 | 85,21,800 |
| വികലാംഗ പെൻഷൻ | 30,31,400 | 21,66,000 |
| കർഷക തൊഴിലാളി പെൻഷൻ | 19,25,400 | 13,80,600 |
| വാർദ്ധക്യ പെൻഷൻ | 2,26,38,000 | 1,62,35,400 |
| 50 വയസ്സിനു മുകളിൽ അവിവാഹിത പെൻഷൻ | 3,90,600 | 2,92,200 |

31. തനത് ഫണ്ട്(മെയിൻ) ബാങ്ക് അക്കൗണ്ട് റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല. 2016 മുതലുള്ള ചെക്കുകൾ റീക്കൺസിലിയേഷൻ പത്രികയിൽ ക്രമീകരിക്കാതെ നിലനിൽക്കുന്നു

32. SBT -Own Fund -1292406/- രൂപയുടെ ചെക്കുകൾ എൻക്യാഷ് ചെയ്തത് ക്രമീകരിക്കാതെ റീക്കൺസിലിയേഷൻ പത്രികയിൽ കാണുന്നു.

33. SBT—SB College (Online) – സാംഖ്യ കണക്ക് ശീർഷകം 450210400 ബാങ്ക് അക്കൗണ്ടിൽ 03.07.2019ലെ 5550/-രൂപയുടെ ചെക്ക് ക്രമീകരിക്കാതെ അവശേഷിക്കുന്നു.

34. UCO Bank (Ayyankali)-സാംഖ്യ കണക്ക് ശീർഷകം 450420100 റീക്കൺസിലിയേഷനിൽ 2,80,000/-രൂപയുടെ അഡ്ജസ്റ്റിംങ് എൻട്രി ക്രമീകരിച്ചിട്ടില്ല.

35. ICICI -Bank Accountൽ 2635178/-രൂപയുടെ 01.04.2016ലെ സ്വച്ച് ഭാരത് മിഷൻ ചെക്ക് എൻക്യാഷ് ചെയ്തിട്ടില്ല എന്ന് റീക്കൺസിലിയേഷൻ പത്രികയിൽ കാണുന്നു.

36. ബാങ്ക് അക്കൗണ്ടുകൾ റീക്കൺസിലിയേഷൻ നടത്താതെ അക്കൗണ്ട്സ് പ്രകാമുള്ള നീക്കിയിരുപ്പും സ്റ്റോൾ നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ബാങ്ക് അക്കൗണ്ട് | 31.03.2020 വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് | 31.03.2020 ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| ഇൻഡ്യൻ ഓവർസീസ് ബാങ്ക് -ഐ.എച്ച്.എസ്.ഡി.പി | 1,10,05,397 | 1,09,05,097 |
| എസ്.ബി.റ്റി.ടെണ്ടർ അക്കൗണ്ട് | 2,59,422 | 2,82,442 |
| വാഴപ്പള്ളി എസ്.സി.ബി (ഇ.എം.എസ്. ജനറൽ) | 42,26,126 | 33,88,515 |
| സിൻഡിക്കേറ്റ് ബാങ്ക് (എൻ.യു.എൽ.എം) | 1,22,557 | 1,31,556 |
| കാനറാ ബാങ്ക് (ഐ.എച്ച്.എസ്.ഡി.പി) | 20,26,949 | 20,11,081 |
| എസ്.ബി.ഐ. എസ്.ബി.കോളേജ് (Online) | 4,07,535 | 5,63,818 |
| ഇൻഡ്യൻ ബാങ്ക് (യു.ഐ.ഡി.എസ്.എസ്.എം.റ്റി) | 38,34,746 | 40,09,745 |
| ഇൻഡ്യൻ ബാങ്ക് ((MPLAD) | 9,59,790 | 18,95,439 |
| എസ്.ടി.എസ്.ബി 4 | 16,65,801 | 52,78,707 |
| ഐ.സി.ഐ.സി.ഐ (IHHL Toilet) | 1,00,21,698 | 10,062,048 |

37. 450450100 കണക്ക് ശീർഷകം TPA169(Pension) ട്രഷറി അക്കൗണ്ടിൽ 01.04.2019ൽ ലഭിച്ച 3,712/-രൂപ പലിശ അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ ധനകാര്യപത്രികയിലെ 31.03.2020ലെ നീക്കിയിരിപ്പ് 89,178/-രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത് 92,890/-രൂപയുമാണ്.

## 1-3 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് നീക്കിബാക്കി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 7,44,87,152 |
| വരവ് | 23,30,10,663 |
| ആകെ | 30,74,97,815 |
| ചെലവ് | 23,77,02,384 |
| നീക്കിയിരിപ്പ് | 6,97,95,431 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15,714/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,78,000/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് തുക(ക്യൂബിൽ തുക ഉൾപ്പെടെ) | ക്യൂബിൽ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 4,40,91,275 | 4,40,91,275 | 2,76,61,453 | 1,64,29,822 | 1,25,06,395 |
| വികസന ഫണ്ട് എസ്.സി.പി | 0 | 1,79,32,000 | 1,79,32,000 | 64,86,556 | 1,14,45,444 | 17,89,929 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 6,14,40,000 | 6,14,40,000 | 3,07,85,965 | 3,06,54,035 | 1,93,19,446 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 1,35,49,000 | 1,35,49,000 | 61,96,058 | 73,52,942 | 33,50,130 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6,90,90,000 | 6,90,90,000 | 2,13,82,758 | 4,77,07,242 | 3,10,64,543 |
| പെർഫോമൻസ് ഗ്രാന്റ് | | 26,63,663 | 26,63,663 | 10,69,463 | 15,94,200 | - |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| യു. ഐ. ഡി. എസ്. എസ്. എം. റ്റി (ഖരമാലിന്യം) | 18,74,629 | 64,576 | 19,39,205 | - | 19,39,205 | |
| യു. ഐ. ഡി. | 1,30,74,926 | 3,41,343 | 1,34,16,269 | 95,81,523 | 38,34,746 | |

| | | | | | | |
|---|---|---|---|---|---|---|
| എസ്. എസ്. എം. റ്റി (ഇൻഡ്യൻ ബാങ്ക്) | | | | | | |
| യു. ഐ. ഡി. എസ്. എസ്. എം. റ്റി (വാട്ടർസപ്ലൈ) | 2,69,627 | 2,439 | 2,72,066 | 2,68,600 | 3,466 | |
| ഐ. എച്ച്. എസ്. ഡി. പി (ഫേസ് 1) | 19,43,645 | 83,304 | 20,26,949 | 0 | 20,26,949 | |
| ഐ. എച്ച്. എസ്. ഡി. പി (ഫേസ് 2) | 1,05,80,267 | 4,25,226 | 1,10,05,493 | 0 | 1,10,05,493 | |
| ഐ. സി. ഡി. എസ് | 7,24,147 | 13,38,118 | 20,62,265 | 10,00,182 | 10,62,083 | |
| പി. എം. എ. വൈ | 35,76,856 | 1,00,83,994 | 1,36,60,850 | 44,05,000 | 92,55,850 | |
| എൻ. യു. എൽ. എം | 84,940 | 2,36,720 | 3,21,660 | 1,99,103 | 1,22,557 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ഇ. എം. എസ് ( എസ്. സി) | 7,08,797 | 3,40,096 | 10,48,893 | 1,15,000 | 9,33,893 | |
| ഇ. എം. എസ് ( ജനറൽ) | 44,19,257 | 1,75,199 | 45,94,456 | 3,68,330 | 42,26,126 | |
| എ.യു.ഇ.ജി.എസ് | 38,17,456 | 93,654 | 39,11,110 | 39,11,110 | 0 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 430 | 28,49,34,417 | 196 | 9,35,82,253 | 234 |

മേഖലതിരിച്ചുള്ള വകയിരുത്തലുകൾ ചുവടെ ചേർക്കുന്നു

| മേഖല | വകയിരുത്തൽ | ചെലവ് |
|---|---|---|
| ഉത്പാദനം | 1,14,89,915 | 30,35,574 |
| സേവനം | 10,01,22,584 | 3,63,58,082 |
| പശ്ചാത്തലം | 17,33,21,918 | 5,41,88,597 |
| ആകെ | 28,49,34,417 | 9,35,82,253 |

വിവിധ ഫണ്ടിനങ്ങളിലുള്ള വകയിരുത്തലിന്റെയും വിനിയോഗത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | വകയിരുത്തൽ (തുക രൂപയിൽ) | വിനിയോഗം (തുക രൂപയിൽ) | ചെലവഴിച്ച തുക (ശതമാനം) |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം-സാധാരണ വിഹിതം) | 5,58,83,596 | 2,76,61,453 | 49.49 |
| വികസന ഫണ്ട് (എസ്.സി.പി) | 2,10,62,963 | 64,86,556 | 30.79 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8,53,11,637 | 2,24,52,221 | 26.31 |
| പ്രത്യേക ഗ്രാന്റ് | 35,00,000 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1,19,23,990 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 76,76,571 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 7,37,08,145 | 3,07,85,965 | 41.76 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1,56,74,000 | 61,96,058 | 39.53 |
| മറ്റുള്ളവ | 1,01,93,515 | 0 | 0 |
| ആകെ | 28,49,34,417 | 9,35,82,253 | 33% |

ഫണ്ട് വിനിയോഗത്തിന്റെ സംക്ഷിപ്തം പരിശോധിക്കുമ്പോൾ, ആകെ വകയിരുത്തിയ ഫണ്ടിന്റെ 33% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. പ്രത്യേക ഗ്രാന്റ്, സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട്, മറ്റുള്ളവ എന്നിവയ്ക്ക് വലിയ തുകകൾ വകയിരുത്തിയിരുന്നുവെങ്കിലും വികസന ഫണ്ട് ,മെയിന്റനൻസ് ഫണ്ട് വിഹിതമല്ലാതെ മറ്റൊരു തുകയും ചെലവഴിച്ചിട്ടില്ല. പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നിർവ്വഹണ നടപടികളിലെ കാലതാമസവും ട്രഷറി നിയന്ത്രണവും മൂലം പല പ്രോജക്ടുകളുടേയും ബില്ലുകൾ പാസ്സാക്കാത്തതും ഫണ്ടുകൾ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ച തുകയിൽ ₹11,51,83,685 വർഷാവസാനം സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്തതിൽ ധനകാര്യകമ്മീഷൻ നീക്കിയിരിപ്പായ ₹4,77,07,242 തിരികെ ലഭിച്ചിട്ടുണ്ട് (2020-21 വർഷം). ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ പ്രൊജക്ട് | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 1 | 1 | 16,00,000 | 16,00,000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 2,00,000 | 2,00,000 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 16,10,000 | 2,70,000 |
| കൃഷി ഓഫീസർ | 7 | 3 | 46,89,915 | 6,46,287 |
| സെക്രട്ടറി | 25 | 15 | 3,92,32,711 | 2,06,45,467 |
| സീനിയർ വെറ്ററിനറി സർജൻ | 5 | 1 | 8,70,000 | 34,250 |
| ക്ഷീരവികസനം | 6 | 6 | 16,95,000 | 6,12,500 |
| പ്രോജക്ട് ഓഫീസർ, ദാരിദ്രനിർമ്മാർജ്ജന സെൽ | 12 | 10 | 1,19,77,410 | 52,61,154 |
| ഹെൽത്ത് ഓഫീസർ | 14 | 6 | 3,09,13,952 | 13,94,886 |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 3 | 3 | 11,09,230 | 11,04,475 |
| പ്രിൻസിപ്പൽ,ഗവ.ഹയർസെക്കണ്ടറി സ്കൂൾ | 3 | 2 | 5,00,000 | 2,95,400 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 2 | 56,67,600 | 38,38,318 |
| അസി.എഞ്ചിനീയർ | 347 | 144 | 18,48,68,599 | 5,76,79,516 |
| ആകെ | 430 | 196 | 28,49,34,417 | 9,35,82,253 |

കൃഷി ഓഫീസർ, സീനിയർ വെറ്ററിനറി സർജൻ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പാക്കേണ്ടതും

ഉത്പാദന മേഖലയിലുള്ളതുമായ നിരവധി പ്രൊജക്ടുകൾ നടപ്പിലാക്കാതെ പോകുന്നുണ്ട് [ഉദാ-നെൽകൃഷി കൂലിച്ചെലവ്-10,00,000/-, നെൽകൃഷിക്ക് പെട്ടിയും പറയും മോട്ടോറും-12,19,000/-, കിടാരി വളർത്തൽ (ജനറൽ,എസ്.സി.പി), ആട് വളർത്തൽ (ജനറൽ,എസ്.സി.പി)]. നടപ്പിലാക്കിയ പദ്ധതികളിൽ ഭവനനിർമ്മാണം, (ലൈഫ്, PMAY പദ്ധതികൾ) ഭവനപുനരുദ്ധാരണം, മരാമത്ത് പ്രവൃത്തികൾ എന്നിവയ്ക്കാണ് വികസനഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിച്ചിട്ടുള്ളത്. വാർഡുസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, വികസന സെമിനാർ, എന്നിവയിലെ നിർദ്ദേശങ്ങളും ആവശ്യങ്ങളും ക്രോഡീകരിച്ച് എല്ലാ മേഖലകൾക്കും അർഹമായ പരിഗണന നൽകി സർക്കാർ നിർദ്ദേശ പ്രകാരം പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | ഭരണച്ചെലവ് | ഗുണഭോക്താക്കൾക്ക് നല്കുന്നത് | |
| 38,17,456 | 93654/- (പലിശ) | 39,11,110 | 4,10,000 | 34,95,427 | 5683 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ACR പ്രകാരം) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 78,480 | 64 |
| കർഷക തൊഴിലാളി വേതനം | 19,25,400 | 713 |
| വിധവാ പെൻഷൻ | 1,16,98,200 | 4216 |
| വാർദ്ധക്യകാല പെൻഷൻ | 2,26,38,000 | 7757 |
| വികലാംഗ പെൻഷൻ | 30,31,400 | 1078 |
| അവിവാഹിതർക്കുള്ള പെൻഷൻ | 3,90,600 | 145 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തിയിരുന്നു. 2019-20ലെ വാർഷിക ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് അവസാനിക്കുന്നതിനുമുമ്പ് 24.03.2021, 11.20 A.Mന് നഗരസഭയിലെ ക്യാഷ് പിരിവുള്ള മൂന്ന് കൗണ്ടറുകളിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ക്യാഷ് ബാലൻസ് ഭൗതികപരിശോധന നടത്തി. പരിശോധനയിൽ ₹24,592 ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) പൊതുവായ ആഭ്യന്തര നിയന്ത്രണം:

- വിവിധ സെക്ഷനുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ
- ആവശ്യമായ വിവരശേഖരണത്തിന്റെ അഭാവവും ഫയലുകളുടെയും രജിസ്റ്ററുകളുടെയും അശാസ്ത്രീയമായ സൂക്ഷിപ്പ്, വൗച്ചർ ഫയലുകളുടെ അശാസ്ത്രീയവും ക്രമരഹിതവുമായ സൂക്ഷിപ്പ്.

2) അക്കൗണ്ടുകളിന്മേലും പണം കൈകാര്യം ചെയ്യുന്നതിന്മേലുള്ള നിയന്ത്രണം

- അക്കൗണ്ടിംഗ് നടപടികളിന്മേൽ നഗരസഭയിലെ അക്കൗണ്ട്സ് വിഭാഗത്തിന് സ്വയംപര്യാപ്തതയില്ലാത്തത്.
- വിവിധ അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് ശരിയായി നിർണയിക്കാത്തതും തെറ്റായ നീക്കിയിരിപ്പ് കൃത്രിമമായ റെക്കൺസിലിയേഷനിലൂടെ പൊരുത്തപ്പെടുത്തുന്നത്
- ഡബിൾ എൻട്രി സമ്പ്രദായം അനുവർത്തിച്ച് തുടങ്ങുന്നതിന് മുമ്പുള്ള മുന്നൊരുക്ക നടപടികൾ പൂർത്തിയാക്കാത്തതും ആസ്തി/ബാദ്ധ്യതകൾ ശരിയായി മൂല്യനിർണയം നടത്താത്തതും. ഓരോ നിശ്ചിതകാലയളവിന് ശേഷവും സ്വീകരിക്കേണ്ട അക്കൗണ്ടിംഗ് നടപടികൾ (Period End Procedures) സ്വീകരിക്കുന്നതിലെ വീഴ്ചകൾ
- ബജറ്ററി കൺട്രോൾ - നടപടികളുടെ അപര്യാപ്തത
- ജനറേറ്റ് ചെയ്യപ്പെടുന്ന ധനകാര്യ പത്രികകൾ നഗരസഭയുടെ യഥാർത്ഥ ധനസ്ഥിതി വിവരവും ധനകാര്യ റിസൽട്ടുകളും പ്രതിഫലിപ്പിക്കാത്തതും ദുർബലമായ ഫിനാൻഷ്യൽ റിപ്പോർട്ടിംഗും
- പൊതുധനം തെറ്റായ രീതിയിൽ ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകി വിനിയോഗിക്കുന്നതും മുൻകൂറുകൾ ക്രമീകരിക്കാത്തതും

3) പ്രധാന വരവിനങ്ങളുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് നിർണ്ണയം സംബന്ധിച്ച നിയന്ത്രണം

- വസ്തു നികുതി പരിഷ്കരണത്തിലെ കാലതാമസം. സഞ്ചയ – സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയാകാത്തതിനാൽ വസ്തു നികുതി സംബന്ധിച്ച കൃത്യമായ ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ ലഭ്യമാകുന്നില്ല. ഡേറ്റാ എൻട്രി നടത്തുന്നതിൽ പിഴവുകൾ

  ഉപയോഗക്രമം തെറ്റായി കണക്കാക്കി നികുതി നിർണയിച്ചിരിക്കുന്നത്
- കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സിന്റെ ഒഴികെയുള്ള ഇതര ജീവനക്കാരുടെ തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ലാത്തതിനാൽ റവന്യൂ വരുമാനത്തിൽ കുറവുണ്ടാകുന്നു. വാർഡുതല ഡിമാന്റ് രജിസ്റ്ററുകളിൽ കൃത്യമായ വിവരങ്ങൾ ചേർക്കുകയോ പുതുക്കുകയോ ചെയ്യാത്തതിനാൽ ഡിമാന്റ് കളക്ഷൻ വിവരങ്ങളിൽ കൃത്യതയില്ല.
- ലൈസൻസ് നേടാതെയും തൊഴിൽ നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്
- കടമുറികളുടെ വാടക തുടർച്ചയായി കുടിശ്ശികയായി തുടരുന്ന സാഹചര്യം, വാടകക്കാരുമായി കരാറുകൾ ചമയ്ക്കുന്നതിൽ ഗുരുതരമായ വീഴ്ചകൾ
- ലേല നിബന്ധനകൾ പൂർണമായി പാലിക്കാത്തത്
- ലേലം സംബന്ധിച്ച കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തത്

4) നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം/ആസ്തികളിന്മേലുള്ള നിയന്ത്രണം

- വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ ജനകീയ ആവശ്യം പരിഗണിച്ച് ഉരുത്തിരിയേണ്ട നിർമ്മാണ പ്രവൃത്തികളും പദ്ധതികളും വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതും മിക്ക പ്രവൃത്തികൾക്കും

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരുന്നതും. ആവശ്യാധിഷ്ഠിതമായല്ലാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതും അടിസ്ഥാന ലക്ഷ്യം/ഭൗതീക നേട്ടം കൈവരിക്കാൻ കഴിയുന്ന വിധം പൂർത്തീകരിക്കാത്തതും

- പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കാത്തത്
- മരാമത്ത് പ്രവൃത്തി -യഥാസമയം കരാർ ചമയ്ക്കാത്തത്
- ആസ്തി രജിസ്റ്റർ കാലികമാക്കാത്തത്
- ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിക്കുന്ന ആസ്തികൾ തുടർപ്രവർത്തനം ഇല്ലാതെ നിഷ്ക്രിയമാകുന്നത്

5)റവന്യൂ ചെലവുകൾക്ക് അനുസൃതമായി റവന്യൂ വരുമാനം ഉയരുന്നില്ല.

- നഗരസഭയിലെ വർദ്ധിച്ച് വരുന്ന റവന്യൂ ചെലവുകൾക്ക് അനുസൃതമായി റവന്യൂ വരുമാനം ഉയരുന്നില്ല എന്ന സാഹചര്യം പൊതുവായ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വേറിട്ട് സൂക്ഷിക്കേണ്ട പെൻഷൻ ഫണ്ടുകളും പ്രൊവിഡണ്ട് ഫണ്ടുകളും അപ്രകാരം സൂക്ഷിക്കാത്തതിനാൽ പെൻഷൻ ചെലവുകൾ നിർവ്വഹിക്കുന്നതിനായും റവന്യൂ വരുമാനം വകമാറ്റേണ്ടി വരുന്നു. വസ്തു നികുതി പുതുക്കൽ നടപടികൾ തുടങ്ങിയിട്ട് വർഷങ്ങൾ ആയെങ്കിലും പുതിയ നികുതി നിർണയ പ്രക്രിയ അന്തിമമായിട്ടില്ല. സർവ്വീസ് ആനുകൂല്യങ്ങളും പെൻഷൻ ആനുകൂല്യങ്ങളും യഥാസമയം അനുവദിക്കായ്കയാൽ നഗരസഭയ്ക്കെതിരെ കോടതി മുമ്പാകെ നിരവധി കേസുകൾ ഫയൽ ചെയ്യപ്പെടുകയും കേസുകളുടെ നടത്തിപ്പിനായി പ്രയോജനരഹിതമായി തുക ചെലവഴിക്കേണ്ടിയും വരുന്നു. ഇത്തരമൊരു സാഹചര്യം നിലനിൽക്കുമ്പോഴും നഗരസഭയിലെ പല ആസ്തികളും നിഷ്ക്രീയമായി തുടരുന്നു. റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ വേണ്ടത്ര പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

മേൽ വിഷയത്തിലേയ്ക്ക് നഗരസഭാധികൃതരുടെയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സജീവ ശ്രദ്ധക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ/തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-11-2011 മുതൽ 16-11-2011 വരെ | 2010-11 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7/8/2019- മുതൽ 30/8/2019 വരെ | 2017-18 & 2018-19 | LBA(HQ)/II/I/8A-50/2019-2020/390, Dtd, 26.09.2019. |

## 1-11 സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് - ഇടപാടുകൾ അക്കൗണ്ട് ചെയ്യുന്നതിൽ അപാകത

2020-21 വർഷത്തെ രസീത് പരിശോധനയുടെ ഭാഗമായി നടത്തിയ കമ്പ്യൂട്ടർ രസീതുകളുടെ പരിശോധനയിൽ നഗരസഭ അക്കൗണ്ടിൽ ധാരാളം അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു. അക്കൗണ്ട് കണക്കിൽ യഥാർത്ഥത്തിൽ അക്കൗണ്ട് ചെയ്യേണ്ടത് ശീർഷകങ്ങൾ മാറി അക്കൗണ്ട് ചെയ്യുന്നതാണ് അപാകതകളിൽ

ഏറെയും. വിശദാംശങ്ങൾ ചുവടെ വിവരിക്കുന്നു.

I വാടക ബാധ്യതയായി അക്കൗണ്ട് ചെയ്തിരിക്കുന്നു .

17.06.2020 ലെ 120020500032 നം. രസീത് പ്രകാരം ലഭിച്ച വാടക 6,67,133/- രൂപ (ചെക്ക് നം. 178597/17.06.2020) നഗരസഭയ്ക്ക് ബാധ്യതയായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. വാടക നിക്ഷേപമായി (Rent Deposit) ലഭിക്കുന്ന തുക മാത്രമാണ് ബാധ്യതയായി അക്കൗണ്ട് ചെയ്യേണ്ടത്.

II ലേലത്തിലൂടെ ലഭിക്കുന്ന വരുമാനം നഗരസഭയ്ക്ക് ബാധ്യത

2020-21 വർഷത്തെ ലേല തുകയായി ലഭിച്ച താഴെ പറയുന്ന രസീതുകൾ പ്രകാരമുള്ള തുകകൾ ബാധ്യതയായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

| ക്രമ നം. | രസീത് നം. | ചെക്ക് നം. | തുക |
|---|---|---|---|
| 1. | 120020500036 / 26.06.2020 | 802533 / 26.06.2020 | 3,05,000/- |
| 2. | 120020500042 / 24.07.2020 | 2225282 / 17.07.2020 | 8,750 |
| 3. | 120020500043 / 29.07.2020 | 121349 / 29.07.2020 | 1,68,000 |
| 4. | 120020500044 / 29.07.2020 | 121348 / 29.07.2020 | 1,02,000 |
| 5. | 120020500045 / 29.07.2020 | 121347 / 29.07.2020 | 1,02,000 |
| 6. | 120020500046 / 29.07.2020 | 121346 / 29.07.2020 | 1,33,666 |
| 7. | 120020500047 / 29.07.2020 | 303961 / 27.07.2020 | 4,70,000 |
| 8. | 120020500048 / 29.07.2020 | 458722 / 29.07.2020 | 2,53,000 |
| 9. | 120020500049 / 29.07.2020 | 201465 / 29.07.2020 | 4,83,000 |
| 10. | 120020500057 / 17.08.2020 | 264365 / 17.08.2020 | 2,06,000 |
| 11. | 120020500058 / 17.08.2020 | 264364 / 17.08.2020 | 1,22,000 |
| 12. | 120020500059 / 17.08.2020 | 264366 / 17.08.2020 | 2,03,000 |
| 13. | 120020500060 / 17.08.2020 | 802561 / 17.08.2020 | 1,01,000 |
| 14. | 120020500145 / 07.10.2020 | 671913 / 07.10.2020 | 61,500 |

| | | | |
|---|---|---|---|
| 15. | 120020500146 / 12.10.2020 | 595173 / 12.10.2020 | 83,000 |
| 16. | 120020104662 | ക്യാഷ് | 20,000 |

തുടർ വർഷത്തെ വരുമാനം മുൻകൂറായി അടവാക്കുമ്പോൾ മാത്രമാണ് ബാധ്യതയായി അക്കൗണ്ട് ചെയ്യേണ്ടത്. ലേലതുകകൾ കൃത്യമായി അക്രൂവൽ വരവിനമായി ചേർത്ത് അക്കൗണ്ട് ചെയ്യേണ്ടതാണ്. ലേലതുക തവണകളായി ഒടുക്കുന്ന സന്ദർഭത്തിൽ തുകയുടെ ഒടുക്ക് നിരീക്ഷിക്കുന്നതിന് അക്രൂവൽ അക്കൗണ്ടിങ്ങ് ചെയ്യേണ്ടതാണ്.

III നഗരസഭയിൽ നിന്നും ജീവനക്കാരന് മുൻകൂർ നൽകിയ തുക തിരിച്ചടവിലൂടെ ക്രമീകരിക്കുന്നത് ബാധ്യത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. മുൻകൂർ നൽകിയ അതേ ശീർഷകത്തിൽ തന്നെയായിരുന്നു തിരിച്ചടവും അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്.

| ക്രമ നം. | രസീത് നം. | ചെക്ക് / ഡി.ഡി. | തുക |
|---|---|---|---|
| 1. | 120020400016 / 05.08.2020 | 125394 / 27.07.2020 | 2,644 |
| 2. | 120020400019 / 17.08.2020 | 376957 / 04.08.2020 | 2,644 |
| 3. | 120020400046 / 18.09.2020 | 376975 / 08.09.2020 | 2,644 |
| 4. | 120020400078 / 23.10.2020 | 376986 / 13.10.2020 | 2,644 |
| 5. | 120020400080 / 23.11.2020 | 376998 / 06.11.2020 | 2,644 |

IV തൊഴിൽ നികുതിയിനത്തിൽ ലഭ്യമായ തുക വാടക ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു

| 5 | 6 | എ.വി.സജി | 28.02.18 | 3,584 |
| (VI) ലൈബ്രറി കെട്ടിടം | | | | |
| 1 | 5 | വി.എസ്.ജോസഫ് | 31.05.17 | 1,200 |
| (VII) മിനി ഷോപ്പിംഗ് സെന്റർ | | | | |
| 1 | 1 | ജോസഫ് ചാക്കോ | 30.11.17 | 3,110 |
| 2 | 3 | പി.സജീവ് | 30.11.17 | 2,592 |
| 3 | 4 | അസിസ്റ്റന്റ് മാനേജർ, Horti Corps | 30.11.17 | 3,455 |
| (VIII) ഷോപ്പ് കം ഗോഡൗൺ, വണ്ടിപ്പേട്ട | | | | |
| 1 | 2 | ജോസ് ചെറിയാൻ | 22.01.18 | 987 |
| 2 | 5 | ജോസഫ് ചാക്കോ | 31.07.18 | 830 |
| 3 | 6 | " | 31.07.18 | 830 |
| (IX) ഷോപ്പ് കം ഓഫീസ് വണ്ടിപ്പേട്ട(ഗ്രൗണ്ട് ഫ്ളോർ) | | | | |
| 1 | 1&2 | ആന്റണി കുര്യൻ | 23.09.16 | 3,456 |
| 2 | 3 | ബിൻസൻ ജോസഫ് | 31.08.16 | 2,240 |
| (X) ഷോപ്പ് കം ഓഫീസ്, വണ്ടിപ്പേട്ട(ഫസ്റ്റ് ഫ്ലോർ) | | | | |
| 1 | 1 | പി.ജെ.തോമസ് | 30.09.15 | 1,500 |
| 2 | 2 | പി.ആർ.ചന്ദ്രബോസ് | 03.03.17 | 648 |
| 3 | 5 | കിച്ചു സേവ്യർ | 30.06.16 | 720 |
| 4 | 7 | ബിജു ആന്റണി | 30.07.16 | 600 |
| 5 | 8 | ജോസഫ് ചാക്കോ | 03.03.17 | 1,037 |
| (XI) നം.2 ബസ് സ്റ്റാന്റ് ഷോപ്പ് | | | | |
| 1 | 1 | ലൈസാമ്മ അഗസ്റ്റിൻ | 15.02.18 | 4,217 |
| 2 | 2 | അഗസ്റ്റിൻ വി.എ | 13.02.18 | 3,007 |
| 3 | 6 | പി.മുരളീധരൻ | 24.04.18 | 3,430 |
| 4 | 7 | ജോസുകുട്ടി തോമസ് | 22.02.18 | 3,837 |

| | | | | |
|---|---|---|---|---|
| 5 | 14 | പ്രേംകുമാർ.എ.എൻ | 04.09.17 | 3,526 |
| 6 | 15 | ജ്യോതിഷ് കെ.ആർ | 31.05.15 | 3,526 |
| 7 | 17 | ബിജു വി.വർഗ്ഗീസ് | 31.03.15 | 3,526 |
| (XII) ബസ് ടെർമിനൽ, പെരുന്ന | | | | |
| 1 | 1&2 | സജീവ് റഷീദ് | 04.03.17 | 4,147 |
| 2 | 3 | ക്രിസ്റ്റി അഗസ്റ്റിൻ | 31.03.16 | 3,260 |
| 3 | 5 | പി.എ.നിസ്സാർ | 04.03.15 | 2,832 |
| 4 | 8 | പി.എം.പുഷ്കരൻ | 04.03.18 | 3,034 |
| 5 | 9 | വി.എ.അഗസ്റ്റിൻ | 04.03.17 | 2,471 |
| 6 | 12 | കെ.എ.സജി | 04.03.17 | 4,158 |
| (XIII) വെജിറ്റബിൾ മാർക്കറ്റ് | | | | |
| 1 | 1B3 | വർഗ്ഗീസ് ജോസഫ് | 30.04.16 | 660 |
| 2 | 2B4 | ,, | ,, | 660 |
| 3 | 3 | അമ്മിണി അമ്മാൾ | 31.12.15 | 600 |
| 4 | 4 | അലക്സ് ജോസഫ് | 25.11.17 | 1,350 |
| (XIV) ഫിഷ് മാർക്കറ്റ് | | | | |
| 1 | 1 | മാർട്ടിൻ ജോസഫ് | 31.03.17 | 360 |
| 2 | 2 | ബാബു ആന്റണി | 14.02.17 | 418 |
| 3 | 3 | ആൻസി മനോജ് | 30.11.15 | 576 |
| (XV)വനിതാ ലൈബ്രറി ഷോപ്പിംഗ് കോംപ്ളക്സ് | | | | |
| 1 | 1 | ശംഭു എൻ പിള്ള | 31.03.17 | 1,296 |
| (XVI)വേഴയ്ക്കാട്ട്ചിറ ഷോപ്പിംഗ് കോംപ്ളക്സ് | | | | |
| 1 | 4 | സുമ തങ്കപ്പൻ | 31.11.16 | 2,592 |
| 2 | 6 | അക്കാമ്മ ജോൺ | ലഭ്യമല്ല | 2,592 |
| 3 | 7 | സിബി ജോസഫ് | ലഭ്യമല്ല | 1,037 |
| 4 | 8 | കെ.റ്റി.തോമസ് | 30.09.15 | 2,075 |
| 5 | 9 | കെ.റ്റി.തോമസ് | 30.09.15 | 1,080 |
| (XVII) ന്യൂ വെജിറ്റബിൾ മാർക്കറ്റ് | | | | |
| 1 | 3 | വിജി തോമസ് | 18.09.18 | 1,000 |
| 2 | 8 | അലക്സ് ജോസഫ് | " | 1,000 |
| 3 | 9 | എ.കെ.തോമസ് | " | 750 |
| 4 | 13 | പ്രമോദ് കെ.ജി | " | 4,000 |
| (XVIII) ഫിഷ് മാർക്കറ്റ് ഹോൾസെയിൽ ഷോപ്പ് | | | | |
| 1 | 1 | ദേവസ്യ പോത്തൻ | 21.08.18 | 3,500 |
| 2 | 2 | ദേവസ്യ പോത്തൻ | " | " |
| 3 | 4 | രാജേഷ് ജോസഫ് | " | " |
| 4 | 5 | ഇ.ജെ.പോൾ | " | " |

| | | | | |
|---|---|---|---|---|
| 5 | 7 | മനോജ് ഇ.ജെ | " | " |
| 6 | 10 | ഷിബിൻ ആന്റണി | " | " |
| 7 | 11 | ഷിബിൻ ആന്റണി | " | " |
| (XIX) ഫിഷ് മാർക്കറ്റ് റീട്ടെയിൽ ഷോപ്പ് | | | | |
| 1 | 1,2,3 | ഇ.ജെ.മനോജ് | 21.08.18 | 3,000 |
| 2 | 4,5 | എ.എം.സെബാസ്റ്റ്യൻ | " | 2,000 |
| 3 | 6 | സലോമി തോമസ് | " | 1,000 |
| 4 | 7 | കെ.ജെ.ബാബു | " | 1,000 |
| 5 | 8,9,10 | ഷെല്ലി ദേവസ്യ | " | 3,000 |
| 6 | 11,12 | ഷെബിൻ ദേവസ്യ | " | 2,000 |
| 7 | 14,15 | വിൻസെന്റ് ഫിലിപ്പ് | " | 2,000 |
| 8 | 16,17 | സോണി ജോസഫ് | " | 2,000 |
| 9 | 18 | ജോസഫ് മാത്യൂ | " | 1,000 |
| 10 | 19 | വി.ഡി.ബാബു | " | 1,000 |
| 11 | 20 | ജിജി ജിൻസൺ | " | 1,000 |
| 12 | 30 | സെബാസ്റ്റ്യൻ ജോസഫ് | " | 1,000 |
| 13 | 31 | പരീദ് കുഞ്ഞ് | " | 1,000 |
| 14 | 45 | ഷിസിൽ ആന്റണി | " | 1,000 |
| 15 | 47 | ജോൺസൺ | " | 1,000 |
| (XX)ഡ്രൈ ഫിഷ് സ്റ്റാൾ | | | | |
| 1 | 1 | ഇ.ജെ.ഫിലിപ്പ് | 21.08.18 | 1,000 |
| 2 | 2 | വി.ഒ.തോമസ് | 21.08.18 | 1,000 |
| 3 | 3 | ഷാജി കുര്യാക്കോസ് | 21.08.18 | 1,000 |
| 4 | 4 | രാജേഷ് വർഗ്ഗീസ് | 21.08.18 | 1,000 |
| 5 | 5 | മനോജ് ഇ.റ്റി | 21.08.18 | 1,000 |
| (XXI)ഡ്രൈ ഫിഷ് സ്റ്റാൾ - ഒന്നാം നില | | | | |
| 1 | 1 | ആൻസി മനോജ് | 21.08.18 | 1,000 |
| 2 | 2 | മനോജ് ഇ.റ്റി | 21.08.18 | 1,000 |
| 3 | 3 | ആൻസി മനോജ് | 21.08.18 | 1,000 |
| (XXII) ഷോപ്പിംഗ് സെന്റർ, സ്റ്റേഡിയത്തിനു സമീപം | | | | |
| 1 | 1 | ജെസ്സി ജോസ് | 31.03.18 | 3,346 |
| 2 | 2 | എം.റ്റി.സനൽകുമാർ | 31.03.15 | 2,508 |
| 3 | 4 | പി.എച്ച്.അഷറഫ് | 31.03.18 | 3,600 |
| (XXIII) ഗോഡൗൺ, ഡ്രൈ ഫിഷ് സ്റ്റാൾ | | | | |
| 1 | 1 | ഇ.ജെ.മനോജ് | 21.08.18 | 2,000 |
| (XXIV) മീറ്റ് സ്റ്റാൾ | | | | |
| 1 | 1 | പി.എസ്.നസീർ | 21.08.18 | 1,500 |

| | | | | |
|---|---|---|---|---|
| 2 | 2 | " | " | " |
| (XXV)ഡ്രൈ ഫിഷ് സ്റ്റാൾ, മീറ്റ് സ്റ്റാളിനു സമീപം | | | | |
| 1 | 1 | എ.എം ജോസഫ് | 21.08.18 | 1,000 |

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ അധീനതയിലുള്ള നിരവധി കെട്ടിടങ്ങളിലെ കുത്തക അവകാശം ഏറ്റെടുത്തിട്ടുള്ള കരാറുകാർ ഇപ്പോഴും കരാർ പുതുക്കാതെയും വാടകനിരക്കിൽ മാറ്റം വരുത്താതെയും തുടരുന്നതായി കാണുന്നു. നഗരസഭയുടെ ഭാഗത്തു നിന്നുള്ള മേൽനോട്ട സംവിധാനത്തിലെ പിഴവ് മൂലവും രജിസ്റ്ററുകളും രേഖകളും ശരിയായി സൂക്ഷിക്കാത്തത് മൂലവും ഇപ്രകാരം അനധികൃതമായി കുത്തകാവകാശം തുടരുന്നതായും കുറഞ്ഞ വാർഷിക വാടക വർദ്ധനവ് പോലും നടപ്പാക്കാതെ വർഷങ്ങളായി കടമുറികൾ കൈവശം വയ്ക്കാൻ അനുവദിക്കുക വഴി നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുന്നതുമായ സാഹചര്യം കർശനമായി ഒഴിവാക്കേണ്ടതാണ്. പരിഹാര നടപടികൾക്കും വിശദീകരണത്തിനുമായും മേൽ അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.13/19-20, തീയതി, 25.02.2021ന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16-2 വാടക കുടിശ്ശിക ഈടാക്കുന്നില്ല

നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ വാടക യഥാസമയം പിരിച്ചെടുക്കാത്തത് മൂലം വൻ സാമ്പത്തിക നഷ്ടം നഗരസഭയ്ക്ക് നേരിട്ടതായി വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടു. വാടകമുറിയുടെ വിവരങ്ങൾ, കെട്ടിട നമ്പർ, സെക്യൂരിറ്റി ഡെപ്പോസിറ്റ്, വാടകക്കാരന്റെ മേൽവിലാസം എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. മുൻവർഷങ്ങളിലും ഭീമമായ തുക വാടക കുടിശ്ശിക ഉള്ളതായി ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും തൻ വർഷവും വൻതുക വാടക കുടിശ്ശികയായി പിരിച്ചെടുക്കാൻ ശേഷിക്കുന്നു. രജിസ്റ്റർ പ്രകാരം കുടിശ്ശിക വന്നിട്ടുള്ള കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

വാടക അടവാക്കാൻ ശേഷിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ

I) മുനിസിപ്പൽ ആർക്കേഡ്

| ക്രമ നം | മുറി നം. | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക ₹ | അടവാക്കാത്ത മാസങ്ങൾ | അടയ്ക്കാനുള്ള തുക (GST, Fine ഒഴികെ) ₹ |
|---|---|---|---|---|---|
| 1 | 26 | കെ.വി.ഹരിലാൽ | 5,184 | 1/20-3/20 | 15,552 |
| 2 | 27 | വി.ഒ.മുഹമ്മദാലി | 3,110 | 2/20-3/20 | 6,220 |
| 3 | 30 | റസീന പി.എ | 3,738 | 12/19-3/20 | 14,952 |
| 4 | 31 | സോയം മണിപ്പുഴ | 6,700 | 12/19-3/20 | 26,800 |
| 5 | 34 | പത്മ.വി.കുമാർ | 5,423 | 8/19-3/20 | 43,384 |
| 6 | 35 | അബ്ദുൾ വഹാബ് | 4,920 | 4/19-3/20 | 59,040 |
| 7 | 37 | " " | 3,606 | 4/19-3/20 | 43,272 |

| | | | | | |
|---|---|---|---|---|---|
| 8 | 40 | എൻ.വി.സുജ | 2,176 | 4/19-3/20 | 10,880 |
| 9 | 41 | ജോസ് മാത്യു | 2,290 | 8/19-3/20 | 18,320 |
| II) ബങ്ക്- നം.1 ബസ് സ്റ്റാൻഡ് | | | | | |
| 1 | 8 | ഗോപകുമാർ.ജി | 1,200 | 11/19-3/20 | 600 |
| III) ബങ്ക്- നം.2 ബസ് സ്റ്റാൻഡ് | | | | | |
| 1 | 8 | എം.സി.ആന്റണി | 801 | 4/19-3/20 | 9,612 |
| 2 | 9 | ഇ.വി.സുബ്രമണ്യം | 801 | 4/19-3/20 | 9,612 |
| 3 | 22 | സേവ്യർ ജോസഫ് | 612 | 4/19-3/20 | 7,344 |
| 4 | 35 | ലീലാമ്മ ജെയിംസ് | 240 | 4/19-3/20 | 2,880 |
| IV) ഷോപ്പിംഗ് സെന്റർ, മുനിസിപ്പൽ ഓഫീസിനു സമീപം | | | | | |
| 1 | 3 | പി.ബി.ഷാജി | 9,799 | 6/19-3/20 | 97,990 |
| Vസ്റ്റെയർ കേസ് റൂം | | | | | |
| 1 | 7 | പി.എൻ.നൗഷാദ് | 521 | 4/19-3/20 | 6,252 |
| പെരുന്ന ഷോപ്പിംഗ് സെന്റർ | | | | | |
| VI) ലൈബ്രറി കെട്ടിടം | | | | | |
| 1 | 5 | വി.എസ്.ജോസഫ് | 1200 | 4/19-3/20 | 14,400 |
| VII) മിനി ഷോപ്പിംഗ് സെന്റർ , സ്റ്റേഡിയത്തിനു സമീപം | | | | | |
| 1 | 5 | വി.ജെ.ജോർജ്ജുകുട്ടി | 4,478 | 8/19-3/20 | 35,824 |
| VIII) ഷോപ്പ് കം ഓഫീസ് , വണ്ടിപ്പേട്ട (എഫ് എഫ്) | | | | | |
| 1 | 1 | പി.ജെ.തോമസ് | 1,500 | 4/19-3/20 | 18,000 |
| 2 | 4 | റ്റി.എൻ.സുഗുണൻ | 660 | 4/19-3/20 | 7,920 |
| 3 | 5 | കിച്ചു സേവ്യർ | 720 | 4/19-3/20 | 8,640 |
| IX) ബസ് ടെർമിനൽ , പെരുന്ന | | | | | |
| 1 | 1&2 | സജീവ് റഷീദ് | 4,147 | 4/19-3/20 | 49,764 |
| 2 | 3 | ക്രിസ്റ്റി അഗസ്റ്റിൻ | 3,260 | 4/19-3/20 | 39,120 |
| 3 | 8 | പി.എം.പുഷ്കരൻ | 3,034 | 4/19-3/20 | 36,408 |
| 4 | 9 | വി.എ.അഗസ്റ്റിൻ | 2,471 | 4/19-3/20 | 29,652 |
| 5 | 11 | മഞ്ജുള കെ.സി | 3,463 | 4/19-3/20 | 41,556 |
| 6 | 12 | കെ.എ.സജി | 4,158 | 5/19-3/20 | 45,738 |
| X) സ്റ്റേഡിയം ഗാലറി | | | | | |
| 1 | 13 | ശ്രീകമാർ | 605 | 2/20-3/20 | 1,210 |
| 2 | 15 | പുതുജീവൻ ട്രസ്റ്റ് | 127 | 4/19-3/20 | 1,524 |
| 3 | 17 | റ്റി.ജെ.മൈക്കിൾ | 605 | 4/19-3/20 | 7,260 |
| 4 | 18 | ജോസുകുട്ടി | 138 | 4/19-3/20 | 1,656 |
| 5 | 19 | എ.ആർ.ശശികല | 265 | 4/19-3/20 | 3,180 |
| 6 | 20 | ടി.എസ്.ചാക്കോ | 167 | 4/19-3/20 | 2,004 |
| 7 | 23 | സുമ തോമസ് | 175 | 4/19-3/20 | 2,100 |

| | | | | | |
|---|---|---|---|---|---|
| 8 | 24 | അന്ന തോമസ് | 260 | 4/19-3/20 | 3,120 |
| 9 | 31 | റാണി ചാക്കോ | 154 | 4/19-3/20 | 1,848 |
| 10 | 37 | പി.കെ.മോഹനൻ | 116 | 4/19-3/20 | 1,392 |
| XI) വെജിറ്റബിൾ മാർക്കറ്റ് | | | | | |
| 1 | 4 | അലക്സ് ജോസഫ് | 1,350 | 4/19-3/20 | 16,200 |
| XII) ഫിഷ് മാർക്കറ്റ് | | | | | |
| 1 | 1 | മാർട്ടിൻ ജോസഫ് | 360 | 4/19-3/20 | 4,320 |
| XIII) വുമൺസ് ലൈബ്രറി കം ഷോപ്പിംഗ് കോമ്പ്ളക്സ് | | | | | |
| 1 | 2 | ഗംഗ ബി പിള്ള | 1555 | 4/19-3/20 | 13,660 |
| XIV) വേഴയ്ക്കാട്ട് ചിറ ഷോപ്പിംഗ് കോമ്പ്ളക്സ് | | | | | |
| 1 | 12 | വിനോദ് കെ.ആർ | 810 | 8/19-3/20 | 6,480 |
| XV) ന്യൂ വെജിറ്റബിൾ മാർക്കറ്റ് | | | | | |
| 1 | 10 | പി.എം.ജോൺ | 900 | 1/20-3/20 | 2,700 |
| 2 | 13 | പ്രമോദ് കെ.ജി | 4000 | 4/19-3/20 | 48,000 |
| XVI) ഫിഷ് മാർക്കറ്റ് ഹോൾസെയിൽ ഷോപ്പ് | | | | | |
| 1 | 5 | ഇ.ജെ.പോൾ | 3,500 | 4/-19-3/20 | 42,000 |
| 2 | 7 | മനോജ് ഇ.ജെ | 3500 | 4/19-3/20 | 42,000 |
| XVII) ഫിഷ് മാർക്കറ്റ് -റീട്ടെയിൽ ഷോപ്പ് | | | | | |
| 1 | 6 | സലോമി തോമസ് | 1000 | 4/19-20 | 12,000 |
| 2 | 7 | കെ.ജെ.ബാബു | 1000 | 4/19-20 | 12,000 |
| 3 | 8,9,<br>10 | ഷെല്ലി ദേവസ്യ | 3000 | 2/20-3/20 | 6,000 |
| 4 | 11,12 | ഷെബിൻ ദേവസ്യ | 2000 | 2/20-3/20 | 4,000 |
| 5 | 19 | വി.ഡി.ബാബു | 1000 | 4/19-3/20 | 12,000 |
| 6 | 20 | ജിജി ജോൺസൺ | 1000 | 4/19-3/20 | 12,000 |
| 7 | 35 | വർഗ്ഗീസ് മാത്യൂ | 1000 | 4/19-3/20 | 12,000 |
| 8 | 46 | ഷെമീർ നൗഷാദ് | 1000 | 4/19-3/20 | 12,000 |
| 9 | 47 | ജോൺസൺ | 1000 | 4/19-3/20 | 12,000 |
| XVIII)No.1 ബസ് സ്റ്റാൻഡ്, ബങ്ക് സ്പേസ് | | | | | |
| 1 | 2 | ഷമീർ സലിം | 500 | 10/19-3/20 | 3,000 |
| 2 | 4 | ഷെഹൻ ഷൈജു | 500 | 8/19-3/20 | 4000 |
| XIX) ഷോപ്പിംഗ് സെന്റർ , സ്റ്റേഡിയത്തിന് സമീപം | | | | | |
| 1 | 2 | എം.ടി.സനൽകുമാർ | 2,508 | 2/20-3/20 | 5,016 |
| 2 | 3 | ലൈസാമ്മ | 4,015 | 10/19-3/20 | 24,090 |
| | | | | ആകെ | 14,31,036 |

വാടക കുടിശ്ശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/19-20, തീയതി 05/02/2021ന് മറുപടി 24.06.2021ൽ ലഭ്യമാക്കിയതിൽ കുടിശ്ശിക വരുത്തിയവരിൽ നിന്ന് തുക ഈടാക്കാൻ നടപടി

സ്വീകരിച്ചുവരുന്നതായി അറിയിച്ചു. നിലവിലും കുടിശ്ശികയുള്ളവരുടെ വിശദാംശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാടക കൃത്യമായി ഈടാക്കാത്തത് സംബന്ധിച്ച വിശദീകരണവും വാടക കുടിശ്ശിക വരുത്തിയവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക ഈടാക്കാത്ത പക്ഷം മേൽ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

1-17 ലൈസൻസ് അപാകതകൾ

2019-20 വർഷത്തെ ട്രേഡേഴ്സ് തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ ലൈസൻസ് എന്നിവ സംബന്ധമായ രജിസ്റ്ററുകൾ/ഫയലുകൾ എന്നിവ താരതമ്യം ചെയ്തതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ.

1. രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ ലൈസൻസ് തുക ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കിയിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഴയ വാർഡ് / പുതിയ വാർഡ് നം ./ കെട്ടിട നമ്പർ | കട ഉടമയുടെ പേര് | രജിസ്റ്റർ പ്രകാരം ഡിമാന്റ് ചെയ്ത തുക | വ്യാപാരത്തിന്റെ വിവരം |
|---|---|---|---|---|
| 1. | XXVI/6 | എൻ.ജഗദീഷ് ചന്ദ്രൻ | 400 | ഓട്ടോറിക്ഷ വർക്ക്ഷോപ്പ് |
| 2. | "/28 | ചന്ദ്രൻ | 400 | |

| | | | | |
|---|---|---|---|---|
| 3. | "/79 | മുഹമ്മദ് മുബാഷ് | 600 | കമ്പ്യൂട്ടർ സെയിൽസ് |
| 4. | "/102 | സെൻ പി.എസ് | 400 | കരകൗശല വസ്തുക്കളുടെ നിർമ്മാണം |
| 5. | "/176 | ആനിയമ്മ മാത്യു | | ഫർണ്ണീച്ചർ വില്പന |
| 6. | "/593 | കെ.ഇ.മുഹമ്മദ് ഷെറീഫ് | 750 | വസ്ത്രവ്യാപാരം |
| 7. | XXV/138 | എൽസമ്മ ജോൺ | 750 | ടെക്സ്റ്റയിൽസ് |
| 8. | XXV/ | കമറുദ്ദീൻ | 500 | പച്ചക്കറി വ്യാപാരം |
| 9. | XXV/ | എൻ.സി.ജോസഫ് | 500 | അലൂമിനിയം പാത്രങ്ങൾ |
| 10. | XXV/ | ജോണി ജോസഫ് | 500 | ബുക്ക് സ്റ്റാൾ |
| 11. | XXV/ | സഫിയ ഫുവാദ് | 750 | സാനിട്ടറി ഗുഡ്സ് |
| 12. | XI/397 | M.P.സതീശൻ | 1000 | ഹോട്ടൽ |
| 13. | XI/535(4) | സച്ചിൻ | 1250 | ഗ്രോസറി ഷോപ്പ് |
| 14. | XII/64 | സിന്ധു വേണുഗോപാൽ | 525 | തുണി വ്യാപാരം |
| 15. | XIII/713 | റോയ് മോൻ | 2600 | സ്പെയർ പാർട്ട്സ് വ്യാപാരം |
| 16. | XXVIII/350 | വിനു ജോബ് | 1000 | ഹോട്ടൽ |
| 17. | XXVIII/645 | ബാലചന്ദ്രപ്പണിക്കർ | 750 | മെഡിക്കൽ ഉപകരണങ്ങൾ വില്പന |

2) 2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ , ലൈസൻസ് ഫീസ് രജിസ്റ്റർ എന്നിവ ഒത്തുനോക്കിയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി അടവാക്കിയ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് നേടാതെ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | വാർഡ് പുതിയത്/ പഴയത് | ഉടമസ്ഥന്റെ പേര് | വ്യാപാരത്തിന്റെ വിവരം |
|---|---|---|---|
| 1. | XVI - XXIII | നജീബ് റഹ്മാൻ | ANR Farm |
| 2. | " | പി.എച്ച്.നസീർ | ഷീജ ഇൻഡസ്ട്രീസ് |
| 3. | " | സാലിമ മൈക്കിൾ | പ്രൊവിഷണൽ സ്റ്റോർ |
| 4. | " | ജീനാ തോമസ് | ചാരിറ്റബിൾ മെഡിക്കൽസ് |
| 5. | IX/XXVIII | കൊച്ചുറാണി ടോം | അൽഫോൺസ ബ്യൂട്ടി കെയർ |
| 6. | " | മാത്യു കെ.ചെറിയാൻ | കൊശമറ്റം ഫിനാൻസ് ലിമിറ്റഡ് |

| | | | |
|---|---|---|---|
| 7. | " | മാനേജർ, | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് |
| 8. | " | ബോസ് മോൻ വർഗ്ഗീസ് | ചിറയിൽ ഇലക്ട്രോണിക്സ് |
| 9. | " | എബിൻ കാവാലം | കാവാലം ബിൽഡേഴ്സ് |
| 10. | " | സിൽവിച്ചൻ മാത്യൂ | ഡെയിലി ഫ്രെഷ് |
| 11. | " | ജോസഫ് ആന്റണി | എക്സലന്റ് ബാറ്ററി |
| 12. | " | ഷാജി ജോസഫ് | ക്രൗൺ ഇലക്ട്രിക്കൽസ് |
| 13. | " | മാത്യു ജോസഫ് | മഹിത സൂപ്പർ മാർക്കറ്റ് |
| 14. | " | ജയകുമാർ വി.എ | ഫ്രീ ഹൗസ്(ഫ്രിഡ്ജ് റിപ്പയർ |
| 15. | " | വിജി സെബാസ്റ്റ്യൻ | ബെൻസ് ഓട്ടോമൊബൈൽസ് |
| 16. | " | പ്രൊപ്രൈറ്റർ | മരിയ ഡയഗ്നോസ്റ്റിക്ക് സെന്റർ |
| 17. | " | രാജു ആന്റണി | പാൻ ഷോപ്പ് |
| 18. | " | സലികുമാർ | ഷാലിമാർ മൊസൈക്ക് |
| 19. | " | വിജയൻ | രേവതി കട്ടിംഗ് വർക്ക്സ് |
| 20. | " | ബിന്ദു വിശ്വനാഥൻ | ഹിരൺമയ ഹോമിയോ ക്ളിനിക്ക് |
| 21. | " | ബിജു പ്ളാമൂട്ടിൽ | സ്റ്റേഷനറി |
| 22. | " | സിന്ധു വേണുഗോപാൽ | സിന്ധൂര കളക്ഷൻസ് |
| 23. | " | പ്രൊപ്രൈറ്റർ | ക്രൗൺ ബേക്കറി |
| 24. | XIV/XXI | പ്രൊപ്രൈറ്റർ | ജോയ്ലാന്റ് ഐസ്ക്രീംസ് |
| 25 | " | രാഘവൻ.എൻ | കാർത്തിക സർവ്വീസ് സ്റ്റേഷൻ |
| 26 | " | ശശികുമാർ | സ്കൈലൈൻ കേബിൾ |
| 27 | " | M.N.ഗോപാലപിള്ള | റേഷൻകട |
| 28 | " | രേഖ ബിജി | അമ്മൂസ് ബ്യൂട്ടി പാർലർ |
| 29 | " | ലേഖ പ്രകാശ് | പാൽ ബൂത്ത് |
| 30 | " | സ്കറിയ സന്തോഷ് | പതഞ്ജലി പ്രോഡക്ട്സ് |
| 31 | " | കൃഷ്ണൻ കുട്ടി | ശ്രീകൃഷ്ണ ഹെയർ സ്റ്റൈൽ |
| 32 | " | രാംകുമാർ | മെടിക്സ് ബ്യൂട്ടി പാർലർ |

| | | | |
|---|---|---|---|
| 33 | " | അബ്ദുൾ അസീസ് | റോയൽ ബജാജ് |
| 34 | " | റോയിമോൻ ജെ | ബജാജ് സർവ്വീസ് |
| 35 | XXX - VIII | പി.ഒ.അബ്രഹാം | ടൗൺമെഡിക്കൽസ് |
| 36 | " | ആന്റണിഐസക്&ചാക്കോ വർഗ്ഗീസ് | ഐശ്വര്യ ചിട്ടിഫണ്ട്സ് |
| 37 | " | റോയി | ടി.കെ മോട്ടോരസ് |
| 38 | " | മാനേജർ | അമൃത ഓഡിറ്റോറിയം |
| 39 | " | രതി നായർ | ആനന്ദ് മെഡിക്കൽസ് |
| 40 | " | ജിജോ ജോസഫ് | മുത്തു മെഡിക്കൽസ് |
| 41 | " | അജയകുമാർ | സ്റ്റാർ ഏജൻസീസ് |
| 42 | " | മാനേജർ | ഹോട്ടൽ ആര്യാസ് & ആർക്കേലിയ |
| 43 | " | ജോർജ് തോമസ് | വലിയ വീടൻസ് ഡിജിറ്റൽ സ്റ്റുഡിയോ |
| 44 | " | വി ജെ സിറിയക്ക് | നിർമല പ്രസ് |
| 45 | " | ഷെറിൻ | ഹെവൻസ് ബ്യൂട്ടി ടെയിലറിംഗ് |
| 46 | " | പ്രൊപ്രൈറ്റർ | പ്രീതി കിച്ചൻ ഹോം അപ്ലയൻസ് |
| 47 | " | മാത്യൂ കെ.ജെ | കെ ജെ എം ജ്യൂവലറി |
| 48 | " | സന്തോഷ് കെ ജി | രേഷ്മ ഇലക്ട്രോണിക്സ് |
| 49 | " | കെ കെ ജേക്കബ് | ഡിവൈൻ ഡ്രൈവിംഗ് സ്കൂൾ |
| 50 | " | മാനേജർ | എസ് എം സിൽക്സ് |
| 51 | " | ഡോ. തെരേസ ജോൺസൺ | മൈൽസ് ഡെന്റൽ ക്ലിനിക്ക് |

3) ലൈസൻസ് നേടാതെയും തൊഴിൽ നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് ഫീസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് നേടാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിച്ചു എന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം പഴയത്/പുതിയത്/ കെട്ടിട നം. | സ്ഥാപന ഉടമ | വ്യാപാരത്തിന്റെ വിവരം |
|---|---|---|---|
| 1. | 28/IX | ബിജു ജോസഫ് | സിറ്റി പോളിമേഴ്സ് പേപ്പർ ഉഡ്സ് |
| 2. | 28/IX | ജോബ് സെബാസ്റ്റ്യൻ, | ലീലാ മരിയ ഫാഷൻസ് |
| 3. | 28/IX | റ്റി.ജെ.ജോസഫ് | തോപ്പിൽ സൈക്കിൾ സ്റ്റോർസ് |
| 4. | 28/IX | ജോമോൻ ജോസഫ് & | ഡെക്കോർ ലാമ്പ് & ലൈറ്റ്സ് |

| | | | |
|---|---|---|---|
| | | സജു സെബാസ്റ്റ്യൻ | |
| 5. | 28/IX | പ്രൊപ്രൈറ്റർ | ആലപ്പുറത്തുകാട്ടിൽ ഹയറിംഗ് സർവ്വീസ് |
| 6. | 28/IX | എക്സിക്യൂട്ടീവ് ഡയറക്ടർ, | മീഡിയ വില്ലേജ്, കമ്പ്യൂട്ടർ സെയിൽസ് |
| 7. | 28/IX | ഷൈജു കുര്യൻ | ഓസോൺ ഇന്റർനെറ്റ് & ഫോട്ടോസ്റ്റാറ്റ് |
| 8. | 28/IX | വത്സല ഹരിദാസ് | അലങ്കാർ |
| 9. | " | ചാക്കോ ആന്റണി | ബ്ലൂ സ്റ്റാർ ഹോട്ടൽ |
| 10 | " | മാനേജർ | കേരള ക്യാപിറ്റൽ അഷ്വറൻസ് ബുക്ക് |
| 11 | " | സാമുവൽ സെൽവൻ | ബ്ലൂ മെൻസ്‌വെയർ |

മേൽ വിവരിച്ച സ്ഥാപനങ്ങൾ കൂടാതെ വേറെയും സ്ഥാപനങ്ങൾ തൊഴിൽ നികുതി/ലൈസൻസ് ഫീസ് എന്നിവ ഒടുക്കാതെ പ്രവർത്തിക്കുന്നവെങ്കിൽ പരിശോധിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

4) ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല

2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് ഫീസ് രജിസ്റ്റർ എന്നിവ ഒത്തുനോക്കിയതിന്റെ അടിസ്ഥാനത്തിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം പഴയത്/പുതിയത് | സ്ഥാപന ഉടമ | വ്യാപാരത്തിന്റെ വിവരം |
|---|---|---|---|
| 1. | XXVI/XI | K.രാജേഷ്, വലിയപറമ്പിൽ, പുഴവാത് | സിമന്റ്, ഇഷ്ടിക |
| 2 | XXVIII | കെ.എം.സുമതി, വാരാപ്പുഴ വീട്, പുഴവാത് | ഹോട്ടൽ |
| 3 | " | ചിത്തരഞ്ചൻ വാരാപ്പുഴയിൽ വീട്, പുഴവാത് | മുറുക്കാൻ, പലചരക്ക് |
| 4 | " | M.P.സതീശൻ, മാടമ്പിശ്ശേരി, പുഴവാത് | ഹോട്ടൽ |
| 5 | " | സുരേഷ് കുമാർ,ആദിത്യ ഭവൻ | അങ്ങാടി മരുന്ന് ശേഖരണം |
| 6 | " | രത്നമ്മ പി.ആർ, വലിയപറമ്പ് താഴ്ചയിൽ | സ്റ്റേഷനറി വ്യാപാരം |
| 7 | " | ഷെറിൻ റഷീദ്, ഷാൻ മൻസിൽ | റെസ്റ്റോറന്റ് |
| 8 | " | ഗോവിന്ദൻ പ്രദീപ്, | ബേക്കറി, കൂൾബാർ |

| | | | |
|---|---|---|---|
| | | പ്രണവ് നിവാസ് | |
| 9 | " | അശ്വിൻ ബാലകൃഷ്ണൻ, തെഞ്ചേരില്ലം | ചോക്കലേറ്റ്, ഭക്ഷ്യവസ്തുക്കൾ |
| 10 | " | സച്ചിൻ, തെഞ്ചേരില്ലം | ഹെയർ ഓയിൽ & കോസ്മെറ്റിക്സ് |
| 11 | " | സിബിച്ചൻ വി.വി, ജെ.എസ്.ട്രേഡേഴ്സ്, അയ്ക്കച്ചിറ | സവോള, ഉള്ളി വ്യാപാരം |
| 12 | " | ബാബുകുട്ടൻപിള്ള, കറുകയിൽ | ലോഡ്ജ് |
| 13 | " | കെ.ജെ.തോമസ് | ഡി.ജെ.മിനിമാർട്ട് |
| 14 | " | കുര്യൻ സെബാസ്റ്റ്യൻ | റാണി ഓയിൽ മിൽ |
| 15 | " | സാബു ആന്റണി | ഓട്ടോമോട്ടീവ് ബാറ്ററി & സ്പെയേഴ്സ് |
| 16 | " | രാജേഷ് വി.റ്റി | ഫ്രണ്ട്സ് ഓട്ടോമൊബൈൽസ് |
| 17 | " | ബിജുമോൻ എം.റ്റി | ചെരുപ്പുകൾ, ബാഗുകൾ കട |
| 18 | " | രവീന്ദ്രൻ കെ.എ | ഗണപത് ഫാസ്റ്റ് ഫുഡ് & ബേക്കറി |
| 19 | " | സക്കറിയാസ് കെ.വി | വസ്ത്രവ്യാപാരം |
| 20 | " | റീനാമോൾ ജോസഫ് | സെന്റ് ആന്റണി ഫയർ വർക്സ് |
| 21 | " | സെലിൻ ജെഗിമോൻ,ചിറ്റേട്ടുകളം ട്രേഡേഴ്സ്, വടക്കേക്കര | ഹാർഡ് വെയർ, ഇലക്ട്രിക്കൽ, പ്ളംബിംഗ് |
| 22 | " | തോമസ് പി.ഡി, പോളയക്കൽ, ഫാത്തിമാപുരം | പോളയക്കൽ ഫിഷ് മാർക്കറ്റ് |
| 23 | " | ജീനാ തോമസ്, തോപ്പിൽ, ചാരിറ്റി മെഡിക്കൽസ് | മെഡിക്കൽ സ്റ്റോർ |
| 24 | " | റീനാ കുര്യൻ, | വസ്ത്രവ്യാപാരം |
| 25 | VIII/XXX | റോസമ്മ കുര്യാക്കോസ് | സ്റ്റേഷനറി വ്യാപാരം |
| 26 | " | കെ കെ ശശീന്ദ്രൻ | വർക്ക്ഷോപ്പ് |
| 27 | " | സാജൻ ഫ്രാൻസിസ് | കോഫി വൈൻഡിങ് മെഷീൻ വ്യാപാരം |
| 28 | " | വൽസമ്മ വി പോത്തൻ | ഹോസ്റ്റൽ |
| 29 | " | റ്റി കെ പത്മിനി, ചിത്രാലയം | പാഴ്സൽ സർവ്വീസ് |
| 30 | " | എം കെ വിശ്വനാഥൻ ആചാരി | ധനലക്ഷ്മി ഡൈ വർക്സ് |

| | | | |
|---|---|---|---|
| 31 | " | ധനീഷ് കെ എം | ബ്യൂട്ടി പാർലർ |
| 32 | " | വിനോദ് പണിക്കർ | CCTV ക്യാമറ സെയിൽസ് |
| 33 | " | ഷാഹിൻ എസ് എം | ടെക്സ്റ്റയിൽസ് |
| 34 | " | മുഹമ്മദ് ഷെറീഫ് | താജ് റസിഡൻസി ലോഡ്ജ് |
| 35 | " | അന്നമ്മ ജോസ് | പ്രീമ പ്രോഡക്ട് കെമിക്കൽസ് |
| 36 | " | മാനേജർ | എ എം സെക്യൂരിറ്റീസ് ലിമിറ്റഡ് |

നഗരസഭയിലെ ഏതാനും വാർഡുകളിലെ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ മാത്രമാണ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയത്. ഇതുപോലെ നിരവധി സ്ഥാപനങ്ങൾ വിവിധ വാർഡുകളിൽ ലൈസൻസ് എടുക്കാതെയും തൊഴിൽനികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതേ അപാകതകൾ ചൂണ്ടിക്കാട്ടിയിരുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 39/2019-20 ന് മറുപടി ലഭിച്ചിട്ടില്ല.

## 1-18 വിനോദ നികുതി -നഗരസഭയുടെ വരുമാനം കുറഞ്ഞു

ജി.ഒ(എം.എസ്) 123/2017/24.06.2017 ഉത്തരവ് പ്രകാരം GST നിലവിൽ വന്ന ശേഷം 01.07.2017 മുതൽ തദ്ദേശ സ്ഥാപനങ്ങളിൽ വിനോദ നികുതി ഇടാക്കേണ്ടതില്ലായിരുന്നു. എന്നാൽ ജി.ഒ (എം.എസ്) 63/2019 /LSGD/10.06.2019 പ്രകാരം സിനിമ ടിക്കറ്റിന്മേൽ 10% വിനോദ നികുതി തദ്ദേശ സ്ഥാപനത്തിൽ അടയ്ക്കാനും GST 28%ൽ നിന്ന് 18% ആയി കുറയ്ക്കുകയും ചെയ്തു. പിന്നീട് 31.08.19ലെ ഉത്തരവ് ജി.ഒ.(എം.എസ്) 112/2019/LSGD പ്രകാരം 10% എന്ന നിരക്ക് 01.09.19ൽ പുതുക്കി നിശ്ചയിച്ചു. (₹100 യിൽ കുറവ് ടിക്കറ്റിന് 5% ഉം ₹100/-യിൽ കൂടുതലുള്ളത് 8.5%). തീയതി 01.09.2019 എന്നത് പിന്നീട് 16.11.2019 മുതൽ എന്ന് മാറ്റം വരുത്തി).

2016-17മുതൽ നഗരസഭയ്ക്ക് ലഭിച്ച വിനോദ നികുതി വരവിന്റെ താരതമ്യം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ലഭിച്ച വിനോദ നികുതി/കോമ്പൻസേഷൻ |
|---|---|
| 2016-17 | 1,45,13,053 |
| 2017-18 (30.06.17 വരെ പിരിച്ച നികുതി) | 46,64,776 |
| 2018-19 | 1,48,40,246 (കോമ്പൻസേഷൻ -2017-18) |

| | |
|---|---|
| 2019-20 (16.11.2019 മുതൽ 31.03.2020 വരെ) | 9,21,897 |

2018-19 സാമ്പത്തിക വർഷത്തിലെ കോമ്പൻസേഷൻ തുക നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല. മേൽ പരാമർശിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിനോദ നികുതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/19-20ന് 10.06.2019 മുതൽ 30.08.2019 വരെ തീയേറ്റർ ഉടമകൾ 10% വിനോദ നികുതി അടച്ചിട്ടില്ല എന്നും 01.09.2019 മുതൽ 15.11.2019 വരെ പ്രേക്ഷകരിൽ നിന്നും വിനോദ നികുതി ഈടാക്കിയിട്ടില്ല എന്ന് സത്യവാങ്മൂലം തീയേറ്റർ ഉടമകൾ നൽകിയതായും അറിയിച്ചിട്ടുണ്ട്. 10.06.2019 മുതൽ 30.08.2019 വരെ തുറന്ന പ്രവർത്തിച്ച തീയേറ്ററുകൾ ഉത്തരവ് പ്രകാരമുള്ള 10% വിനോദ നികുതി അടവാക്കാത്തതിന്റെ കാരണം, ആ കാലയളവിൽ തീയേറ്റർ ഉടമകൾ ജി.എസ്.റ്റി അടവാക്കിയിട്ടുണ്ടോ എന്നിവ പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. 16.11.19 മുതൽ 31.03.20 വരെ തീയേറ്റർ ഉടമകൾ ടിക്കറ്റ് നിരക്ക് 100/-രൂപയിൽ താഴെയാക്കിക്കൊണ്ട് വിനോദ നികുതി 5% ആണ് ഈടാക്കി നഗരസഭയിൽ അടച്ചതായി കാണുന്നത്. 100/-രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റ് തീയേറ്ററുകളിൽ വില്പന നടത്തിയിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

കോവിഡിനു ശേഷം തീയേറ്റർ തുറക്കാൻ അനുമതി ലഭിച്ചെങ്കിലും വീണ്ടും സമ്പൂർണ്ണ ലോക് ഡൗൺ വന്നതോടെ തീയേറ്ററിന്റെ പ്രവർത്തനങ്ങൾ സ്തംഭിച്ചതിനാൽ വിനോദ നികുതി ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനവും നിലച്ചു.

2018-19 ലെ കോമ്പൻസേഷൻ തുക സർക്കാരിൽ നിന്നും അടിയന്തിരമായി ലഭ്യമാക്കാൻ കൗൺസിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-19 പരസ്യ ചാർജ്- നടപടിക്രമങ്ങൾ പാലിക്കുന്നില്ല

KGST ആക്ട് 2017ലെ വകുപ്പ് 173(ii) പ്രകാരം 1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 271-ം വകുപ്പ് 01.7.2017 മുതൽ ഒഴിവാക്കിയിട്ടുണ്ടെങ്കിലും 272 മുതൽ 276 വരെയുള്ള വകുപ്പുകൾ ഒഴിവാക്കിയിട്ടില്ല. പരിസ്ഥിതി സൗഹാർദ്ദ മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രിന്റിംഗ്, ബോർഡുകൾ, ബാനറുകൾ എന്നിവ സ്ഥാപിക്കുമ്പോൾ ഉപയോഗം അവസാനിക്കുന്ന തീയതിയ്ക്ക് ശേഷം പരമാവധി 7 ദിവസത്തിനുള്ളിൽ സ്ഥാപിച്ചവർ തന്നെ ഒഴിവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിൽ ഗുരുതര വീഴ്ച സംഭവിക്കുന്നു.

സ.ഉ.(കൈ) നം.111/2019/ത.സ്വ.ഭ.വ/29/8/2019 പ്രകാരം സംസ്ഥാനത്ത് PVC ഫ്ളക്സിന് നിരോധനം ഏർപ്പെടുത്തിയിരുന്നു. എന്നാൽ അതിനു ശേഷവും അപ്രകാരം പരസ്യ ബോർഡുകൾ സ്ഥാപിച്ചവർക്കെതിരെ നഗരസഭ സെക്രട്ടറി നിയമ നടപടി സ്വീകരിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. ബോർഡുകൾ നീക്കം ചെയ്യാൻ അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് എൻക്വയറി നം.25/19-20 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പരിസ്ഥിതി സൗഹാർദ്ദ ബോർഡുകൾ/ബാനറുകൾ/പ്രിന്റിംഗ് എന്നിവ ഉപയോഗം അവസാനിക്കുന്ന തീയതിയ്ക്ക് ശേഷം (ഉപയോഗം അവസാനിക്കുന്ന തീയതി രേഖപ്പെടുത്തണം) പരമാവധി 7 ദിവസത്തിനുള്ളിൽ സ്ഥാപിച്ചവർ തന്നെ നീക്കം ചെയ്യേണ്ടതാണ്. അപ്രകാരം ചെയ്യാത്ത പക്ഷം ബോർഡ് സ്ഥാപിച്ചവരിൽ നിന്ന് ചതുരശ്ര അടിക്ക് ₹20/- നിരക്കിൽ പിഴ കൂടാതെ ഡിസ്മാന്റലിംഗ് ചാർജ്ജും കൺവേയൻസ് ചാർജ്ജും നഗരസഭ ഈടാക്കേണ്ടതാണ്. എന്നാൽ നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെയും പിഴ ഈടാക്കാതെയും വഴിയരികിലെയും റോഡുകളിലേയും അനധികൃത പരസ്യ ബോർഡുകൾ/ഫ്ളക്സുകൾ നഗരസഭ നേരിട്ട് നീക്കം ചെയ്ത് നഗരസഭ കോമ്പൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇവ നഗരസഭ കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്യുന്നതിനായി ലേലനടപടികൾ സ്വീകരിച്ചു വരുന്നതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

PVC ഫ്ളക്സിൽ പ്രിന്റ് ചെയ്ത ബാനർ/ബോർഡ് സ്ഥാപിക്കുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് നോട്ടീസ് നൽകി പ്രിന്റ് നൽകിയ സ്ഥാപനത്തിന്റെ വിവരം ശേഖരിച്ച് പിഴ ഈടാക്കണമെന്നും നിയമവിരുദ്ധ പ്രവൃത്തികൾ തുടർന്നാൽ സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യാനും ഉത്തരവിൽ വ്യവസ്ഥയുണ്ട്. ഉത്തരവുകളും ചട്ടങ്ങളും

പാലിക്കപ്പെടാതെ പരസ്യബോർഡുകൾ സ്ഥാപിക്കുന്നത് കർശനമായി നിയന്ത്രിക്കേണ്ടതും നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.

നഗരസഭയുടെ ഭാഗത്തെ വീഴ്ച മൂലം അനധികൃത ബോർഡുകൾ നീക്കം ചെയ്യൽ കൂടി നഗരസഭയ്ക്ക് ബാദ്ധ്യതയാകുന്നു. 2019-20ൽ പരസ്യ ചാർജ്ജ് ഇനത്തിൽ ₹14,500 നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. പിഴയിനത്തിൽ തുക ഒന്നും ഈടാക്കിയിട്ടുമില്ല. നടപടിക്രമങ്ങൾ പാലിച്ച് പരസ്യ ബോർഡുകൾ സ്ഥാപിക്കാനും പരസ്യ ചാർജ്ജ് ഈടാക്കാനും അധികാരികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-20 നഗരസഭയിലെ റഗുലർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് എസ്.എൽ.ഐ, ജി.ഐ.എസ് വിഹിതം ഈടാക്കി അടവാക്കുന്നില്ല

സർക്കാർ ഉത്തരവ്. ജി.ഒ.(പി) നം 25/2004/ധന. തീയതി 12.01.2004 പ്രകാരം സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയും സർക്കാർ ഉത്തരവ് 26/2004/ധന തീയതി 12.01.2004 പ്രകാരം ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയും നഗരസഭ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ളതാണ്. എസ്.എൽ.ഐ പോളിസി എടുക്കാത്ത ജീവനക്കാരന് ആദ്യ ഇൻക്രിമെന്റ് അനുവദിക്കാൻ പാടില്ലാത്തതാണ്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രീമിയം തുക അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും ടി പോളിസി / സ്കീമുകളിൽ അംഗത്വം നേടാതെ തന്നെ ജീവനക്കാർ സർവ്വീസ് കാലയളവ് പൂർത്തിയാക്കി വിരമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. നഗരസഭയിലെ എല്ലാ ജീവനക്കാരും എസ്.എൽ.ഐ / ജി.ഐ.എസ് സ്കീമുകളിൽ അംഗത്വം നേടേണ്ടതും കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രീമിയം തുക അടവാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-21 മുൻകൂർ തുകകൾ ക്രമീകരിക്കുന്നില്ല - 1,78,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

തൻവർഷം നഗരസഭ വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ നൽകിയ തുകയായ 3,26,000/-രൂപയിൽ ചുവടെ ചേർക്കുന്ന പ്രകാരമുള്ള തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതായി മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്/ഉദ്യോഗപ്പേര് | വൗച്ചർ നം. | തീയതി | ഫയൽ | തുക | മുൻകൂർ നൽകിയതിന്റെ ഉദ്ദേശ്യം |
|---|---|---|---|---|---|---|
| 1. | സ്റ്റാൻലി എസ് / സീനിയർ ക്ലർക്ക് | 32 - 11/19 | 07.11.2019 | ജി1- -16082/19 | 8,000 | ശിശുദിനാഘോഷം |
| 2. | " | 15 - 02/20 | 03.02.2020 | ജി1-1287/20 | 40,000 | ഇലക്ഷന് സ്റ്റേഷനറി വാങ്ങിയത് |
| 3. | രാജീവ് കെ / എച്ച് ഐ II | 37 - 11/19 | 12.11.2019 | എച്ച്7-14432/19 | 60,000 | കേരളോത്സവം സംഘാടനം |
| 4. | ജയന്തി ആർ / ആർ. ഐ | 31 - 03/20 | 06.03.2020 | ആർ3-18507/18 | 30,000 | നികുതി പിരിവ് സംബന്ധിച്ചുള്ള മൈക്ക് അനൗൺസ്മെന്റ് |

| | | | | | | |
|---|---|---|---|---|---|---|
| 5. | ജയകുമാർ കെ / ജെ. എച്ച്. ഐ | 51 - 03/20 | 07.03.2020 | എച്ച്4-2067/20 | 15,000 | ആയുർവേദാശുപത്രി സെപ്റ്റിക്ക് ടാങ്ക് വൃത്തിയാക്കൽ |
| 6. | കെ കെ ബാബു / എച്ച്. എസ് | 103 - 03/20 | 26.03.2020 | എച്ച്4-5405/20 | 25,000 | Covid-19പ്രതിരോധ നടപടികൾ |
| ആകെ | | | | | 1,78,000 | |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99, 04.10.2011ലെ ജി.ഒ.(പി)നം.419/2011/ഫിൻ എന്നിവ പ്രകാരം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (3 മാസം) മുൻകൂർ തുകകൾ ക്രമീകരിക്കേണ്ടതാണ്. ആകെ ചെലവ് തുകയുടെ 75% തുക മാത്രമേ മുൻകൂറായി അനുവദിക്കാൻ പാടുള്ളൂ എന്ന നിബന്ധനയും സർക്കുലർ നം.21384/എ.സി3 /ത.സ്വ.ഭ.വ/04.06.2011 പ്രകാരം നേരത്തേ കൈപ്പറ്റിയ മുൻകൂർ തുക ക്രമീകരിച്ചതിനു ശേഷമേ അടുത്ത മുൻകൂർ നൽകാവൂ എന്ന നിബന്ധനയും പാലിക്കപ്പെടുന്നില്ല. ഒരേ വ്യക്തികൾക്കു തന്നെ മുൻവർഷങ്ങളിൽ വാങ്ങിയ മുൻകൂർ തുക ക്രമീകരിക്കാതെ തുടർന്നും മുൻകൂർ തുകകൾ നൽകിയിട്ടുണ്ട്. മുൻകൂർ തുകകളുടെ വിനിയോഗ വിവരങ്ങൾ യഥാർത്ഥ ചെലവ് രേഖകൾ സഹിതം ഹാജരാക്കി ക്രമീകരിക്കാത്ത പക്ഷം ടി തുക മുഴുവനും 18% പലിശ സഹിതം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1973-74 മുതലുള്ള തുകകൾ ക്രമീകരിക്കാൻ ശേഷിക്കുന്നുണ്ടെന്ന് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. നിശ്ചിത സമയപരിധിയ്ക്കകം ക്രമീകരണ ബില്ലുകൾ സമർപ്പിച്ച് ക്രമീകരിക്കാത്ത മുൻകൂറുകൾ, സമയപരിധി തീരുന്ന മുറയ്ക്ക് മുൻകൂർ ഒന്നായി 18% പലിശസഹിതം ഈടാക്കണമെന്ന് ഉത്തരവിലെ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ നമ്പർ 37/2019-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂറുകൾ ക്രമീകരിക്കാത്തതിനാൽ ₹1,78,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇപ്രകാരം 1973-74 മുതൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ജീവനക്കാരുടെ ഡി.എ കുടിശ്ശിക യഥാസമയം പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചില്ല- നഗരസഭയ്ക്ക് അധിക സാമ്പത്തിക ബാധ്യത

ഫയൽ നം.ജി6 1973/19& A3/7500/13

ശ്രീ ആർ.എസ്.റോസ് മിലൻ ഡാനിയേൽ (റിട്ട.എക്സി.എഞ്ചിനീയർ) 17.06.1982 മുതൽ 20.06.1987 വരെ ചങ്ങനാശ്ശേരി നഗരസഭയിൽ സേവനമനുഷ്ഠിച്ച കാലയളവിൽ പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 07.11.2013 ൽ വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയിരുന്നു. തുടർന്ന് ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA2249/19 പ്രകാരം പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലും 20.09.2019നകം പലിശയും കൂട്ടുപലിശയും ചേർത്ത് ആവശ്യപ്പെട്ട ₹75,503 നൽകാൻ നഗരകാര്യ ഡയറക്ടർ ഉത്തരവാക്കിയിരുന്നു. (നഗരകാര്യ ഡയറക്ടറുടെ 07.09.19ലെ പി.എഫ്.3-633/13 നം.ഉത്തരവ്.) എന്നാൽ നഗരസഭയിലെ അക്കൗണ്ട്സ് വിഭാഗത്തിന്റെ പരിശോധനയിൽ ₹2,202 പി.എഫ് ൽ ലയിപ്പിച്ചിരുന്നു എന്നും 1983-84 കാലയളവിലെ ഡി.എ.കുടിശ്ശികയിൽ ബാക്കി ₹852/- പി.എഫ് ൽ ലയിപ്പിച്ചിട്ടില്ല എന്നും കണ്ടെത്തി. തുടർന്ന് നഗരകാര്യ ഡയറക്ടറേറ്റിലെ പ്രോവിഡന്റ് ഫണ്ട് ഓഫീസറുടെ 08.11.2019 ലെ PF3-633/2013(3)യിൽ ടിയാന് ലഭിക്കുവാൻ അവശേഷിക്കുന്ന ₹852/- അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയതിനെ തുടർന്ന് 852/-രൂപയുടെ കാലാകാലങ്ങളിലുള്ള പലിശയും കൂട്ടുപലിശയും ചേർത്തുള്ള തുകയായി ₹27,680 ചെക്ക് നം.902496/14.11.19 പ്രകാരം അനുവദിച്ചു. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. ട്രൈബ്യൂണലിൽ നിന്നും ഇടക്കാല ഉത്തരവാണ് ലഭിച്ചിട്ടുള്ളത്. ഫൈനൽ ഉത്തരവ് ലഭിച്ചതായി ഫയലിൽ

ഇല്ല.

2. കോടതി ചെലവിനത്തിൽ വലിയ തുക ചെലവഴിക്കേണ്ടിവരും എന്ന കാരണത്താൽ നഗരസഭയുടെ ഭാഗത്തുനിന്നും കാര്യങ്ങൾ വ്യക്തമാക്കാൻ വക്കീലിനെ നിയോഗിച്ചുമില്ല.

3. കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 56 പ്രകാരം ശമ്പളവും മറ്റ് അലവൻസുകളും അഞ്ച് വർഷ കാലാവധിയിൽ ക്ളെയിം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. മാത്രമല്ല, ഡി.എ.കുടിശ്ശിക പി.എഫിൽ ക്രഡിറ്റ് ചെയ്യുന്നതിന് നിശ്ചിത സമയപരിധിയും ഉണ്ട്. അതിന് ശേഷം ഡി.എ. കുടിശ്ശിക ലയിപ്പിക്കുന്നതിന് സമയം ദീർഘിപ്പിച്ച് നല്കുന്നത് സർക്കാർ അനുമതിയോടെയാണ്.എന്നാൽ ട്രൈബൂണലിന്റെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 37 വർഷം മുമ്പുള്ള ക്ഷാമബത്ത കുടിശ്ശിക പലിശ സഹിതം നൽകുന്നതിന് നഗരകാര്യ ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ളത് സർക്കാർ അനുമതിയോടെയല്ല എന്ന് കാണുന്നു. കേവലം 852/-രൂപ അനുവദിക്കേണ്ട സ്ഥാനത്ത് നഗരസഭാഫണ്ടിൽ നിന്നും ചെലവഴിച്ചത് 27680/-രൂപയാണ്. പലിശയും കൂട്ടുപലിശയും കണക്കാക്കിയിട്ടുള്ളതിലെ കൃത്യതയും വ്യക്തമല്ല. പലിശയും കൂട്ടുപലിശയും ഇനത്തിൽ നല്കിയ 26,828/-രൂപ നഗരസഭയ്ക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കി. അതാത് കാലയളവിലെ ഉദ്യോഗസ്ഥരുടെ കൃത്യമായ മേൽനോട്ടത്തിന്റെ അഭാവമാണ് നഗരസഭയ്ക്ക് അധിക ബാധ്യത ഉണ്ടാക്കിയത്.

തുടർന്നും സമാന വിഷയത്തിൽ നഗരസഭയിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെട്ട് ഓഡിറ്റിൽ കത്തുകൾ ലഭ്യമാകുന്നുണ്ട്. ശ്രീ ആർ.എസ്.റോസ് മിലൻ ഡാനിയേലിന് ഇപ്രകാരം തുക അനുവദിച്ചതിനാൽ സമാന വിഷയം നഗരസഭയിൽ നിലനിൽക്കുന്നുണ്ട് എന്നതിന് തെളിവാണ് സ്പഷ്ടീകരണം ആവശ്യപ്പെട്ട് ലഭിക്കുന്ന കത്തുകൾ. ഇപ്രകാരം അനുവദിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം അനുവദിക്കാതെ പലിശയും പിഴപ്പലിശയനത്തിലും തുക അനുവദിക്കേണ്ടി വരുന്നത് അംഗീകരിക്കാനാവില്ല.

## 1-23 ലാപ് ടോപ്പ് വാങ്ങൽ (SC) --അധിക തുക കെൽട്രോണിന് നൽകി

| | |
|---|---|
| ഫയൽ നം | ജി10-16318/19 |
| പ്രോജക്ട് നം | S00 37/20 |
| നിർവ്വഹണ ഉദ്യോഗസ്ഥ ൻ | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമാർജന സെൽ |
| ഫണ്ട് | വികസനഫണ്ട് (എസ്.സി.പി) |

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പദ്ധതിയിൽ 18 വിദ്യാർത്ഥികൾക്ക് കെൽട്രോണിൽ നിന്നും ഓപ്പറേറ്റിംഗ് സിസ്റ്റം ഉബുണ്ടു-16.04 വെർഷനിലെ ലാപ്പ് ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. 21.01.2020ലെ കെൽട്രോണിന്റെ ഇൻവോയ്സ് പ്രകാരമുള്ള ₹4,08,654 (@22,703/-) ബിൽ നം.38/19-20 /23.03.2020 അനുവദിച്ചു നൽകി. എന്നാൽ 30.08.2020ലെ കെൽട്രോണിന്റെ ബില്ല് പ്രകാരം തുക 3,92,940 രൂപയാണ്. ₹15,714 പദ്ധതി വിഹിതത്തിൽ നിന്നും അധികം നൽകിയത് ക്രമീകരിച്ചിട്ടുണ്ടോയെന്ന് ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം.12/19-20 ന് കെൽട്രോണിൽ നിന്നും തുക ഈടാക്കുന്നതിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. അധികം നല്കിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

## 1-24 അന്താരാഷ്ട്ര മൾട്ടിപർപ്പസ് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം - സ്ഥലം വാങ്ങി 22 വർഷത്തിനു ശേഷവും പദ്ധതി ഫയലിൽ ഒതുങ്ങുന്നു

| | |
|---|---|
| ഫയൽ നം | ഇ3/10021/12 |
| ഫയൽ നം | ഇ3/708/19 |

ളായിക്കാടിനു സമീപം 1998-99-ൽ അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുക എന്ന ലക്ഷ്യത്തിനായി414.73 ആർ സ്ഥലം (@ 10000/- രൂപ/1ആർ) എല്ലാ ചെലവും ഉൾപ്പെടെ 47,70,469/- രൂപ പദ്ധതിഫണ്ട് ചെലവഴിച്ച് നഗരസഭ വാങ്ങുകയുണ്ടായി. (ഫയൽ നം. ഇ3/30308/98) വാങ്ങിയ സ്ഥലം പദ്ധതിലക്ഷ്യം നടപ്പാക്കാൻ സാധിക്കാതെ അവിടവിടെ ചിതറിക്കിടക്കുന്ന തുണ്ടുഭൂമികളായ പുഞ്ചപ്പാടം ആയിരുന്നു എന്ന മാത്രമല്ല സ്ഥലത്തേയ്ക്ക് എത്താൻ ഒരു നടവഴി പോലുമില്ല എന്നതും സ്ഥലത്തിന്റെ വില സംബന്ധിച്ചും പദ്ധതിഫണ്ട് ദുരുപയോഗം ചെയ്തതും അന്വേഷണ വിധേയമാക്കണമെന്ന് 1998-99 ഓഡിറ്റ് റിപ്പോർട്ടിലും 2001-02, 2004-05 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 1998-99 ൽ 47.70 ലക്ഷം ചെലവഴിച്ച് വാങ്ങിയ 10 ഏക്കർ 24 സെന്റ് (414.73 ആർ) സ്ഥലത്തിന്റെ (പുഞ്ചപ്പാടം) നടുവിലൂടെ 56.04 ആർ സ്ഥലം ളായിക്കാട് ബൈപ്പാസ് നിർമ്മാണത്തിന് സർക്കാരിന് വിട്ടുനല്കിയതിന് കോമ്പൻസേഷൻ അനുവദിച്ച തുക ലഭിച്ചതിന്റെ വിവരം, അർഹമായ കോമ്പൻസേഷൻ ആയിരുന്നോ ലഭിച്ചത് എന്നിവ ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണം നം. 34/19-20ന് മറുപടി ലഭ്യമാക്കിയില്ല.

ളായിക്കാട് ബൈപാസ് വന്നതോടുകൂടി വാങ്ങിയിട്ട ഭൂമി റോഡിനു ഇരുവശത്തും ആയിരിക്കുകയാണ്. ബൈപാസിന് സ്ഥലം ഏറ്റെടുത്തശേഷം നഗരസഭയുടെ സ്ഥലം അളന്ന് തിട്ടപ്പെടുത്താൻ താലൂക്ക് സർവെയറിനോട് 2012 മുതൽ നഗരസഭ ആവശ്യപ്പെട്ടെങ്കിലും നിലവിലും സ്ഥലം അളന്ന് അതിർത്തി നിർണ്ണയിച്ചിട്ടില്ല.

26/12/2019 ലെ കായിക യുവജനക്ഷേമ കാര്യാലയം ഡയറക്ടറുടെ കത്ത് പ്രകാരം പ്രസ്തുത സ്ഥലത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 2019-20 ലെ ബജറ്റിൽ എസ്റ്റിമേറ്റ് തുക 5 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. 2019-20 ലെ സംസ്ഥാന ബജറ്റിൽ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന് ഒരു കോടി രൂപ നീക്കി വച്ചിരുന്നു. നവകേരള നിർമ്മാണത്തിന്റെ ജില്ലാ പദ്ധതികളുടെ ഭാഗമായി 2019-20 ലേക്ക് 1 കോടി രൂപയും എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ രണ്ടുകോടി രൂപയും വകയിരുത്തുകയും ചെയ്തു.

നിലവിൽ ബൈപാസിനു ഇരുവശത്തുമായി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സിന്തറ്റിക് ട്രാക്കും ഫുട്ബോൾ ടർഫും നിർമ്മിക്കാൻ സാധിക്കുകയില്ലെന്നും കായിക നിർമ്മിതികൾക്ക് പ്രസ്തുത സ്ഥലം ഉപയോഗിക്കണമെങ്കിൽ ഏകദേശം 1 ലക്ഷം ഘനമീറ്റർ മണ്ണ് ഉപയോഗിച്ച് ഉയർത്തി നിലവിലുള്ള റോഡ് റീ അലൈൻ ചെയ്യുകയും ചെയ്താൽ മാത്രമേ സാധിക്കുകയുള്ളൂ എന്നും കത്തിൽ അറിയിച്ചിട്ടുണ്ട്. തണ്ണീർത്തട സംരക്ഷണ നിയമപ്രകാരവും കേരളത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളും കണക്കിലെടുത്ത് നിലം മണ്ണിട്ട് ഉയർത്തൽ നിലവിൽ അപ്രായോഗികമാണ്.

ബൈപാസ് നിർമ്മാണത്തിന് നഗരസഭ സ്ഥലം വിട്ടുനല്കിയപ്പോൾ നഗരസഭയുടെ ശേഷിക്കുന്ന സ്ഥലത്തിനും അവിടെ നടത്തുന്ന ഏത് നിർമ്മാണത്തിനും മൂല്യം ഉയരുന്ന വിധത്തിൽ കൃത്യമായ ആസൂത്രണത്തോടെ പ്ലാൻ തയ്യാറാക്കി സ്ഥലം വിട്ടു നല്കിയിരുന്നെങ്കിൽ റോഡിന് ഇരുവശവുമായി സ്ഥലം മുറിഞ്ഞു പോകുന്നത് ഒഴിവാക്കാമായിരുന്നു.

കേരള സർക്കാർ വനിതാ വികസന കോർപ്പറേഷൻ വഴി 2019-20 ൽ അനുവദിച്ച ഫ്രഷ് അപ്പ് സെന്റർ നിൽമ്മാണത്തിന് 20 സെന്റ് സ്ഥലം ഇതിൽ നിന്ന് അളന്ന് തിട്ടപ്പെടുത്തി നല്കാൻ താലൂക്ക് സർവെയറോട് നഗരസഭ ആവശ്യപ്പെട്ടിട്ട് അതും അനന്തമായി നീളുന്നതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. 2021-22 ലെ പദ്ധതിയിലും സ്റ്റേഡിയം നിർമ്മാണത്തിന് തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്ഥലം വാങ്ങി 22 വർഷം കഴിഞ്ഞിട്ടും സ്പോർട്ട്സ് കോംപ്ലക്സിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല എന്ന് മാത്രമല്ല വാങ്ങിയ സ്ഥലം ബൈപാസിന് ഇരുവശവുമാകുകയും ചെയ്തു. ഓരോ വർഷവും ബജറ്റിലും പദ്ധതികളിലും വകയിരുത്തുന്ന തുക ലാപ്സ് ആവുകയും പദ്ധതി ഫയലിൽ മാത്രം ഒതുങ്ങുകയും ചെയ്യുന്നു. ചട്ടങ്ങൾ പാലിച്ച് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കാൻ സ്ഥലം അനുയോജ്യമാകുമെങ്കിൽ അപ്രകാരവും അല്ലാത്ത പക്ഷം സർക്കാർ അനുമതിയോടെ നഗരസഭയ്ക്ക് വരുമാനദായകമായ / പ്രയോജനപ്രദമായ

പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ അടിയന്തിരമായി ശ്രമിക്കുന്നതിന് കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 6.8 ലക്ഷം ചെലഴിച്ച് സ്ഥാപിച്ച നിരീക്ഷണ ക്യാമറകൾ പ്രവർത്തനക്ഷമമല്ല – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| ഫയൽ നം. | | H7/12490/16 |
|---|---|---|
| നിർവഹണം | | സെക്രട്ടറി |
| ചെലവ് | 6,00,000 | ചെലാൻ നം. 3503/21.03.2017 |
| | 50,000 | " 601757/06.06.2017 |
| | 32,313 | ചെക്ക്നം. 0318486/04.01.2019 |

2016-17ൽ SO 287/17നം.പ്രോജക്ടിന്റെ ഭാഗമായി മാലിന്യം നിക്ഷേപിക്കപ്പെടുന്ന വിവിധ പ്രദേശങ്ങളിൽ (4 ജംഗ്ഷനുകളിൽ) നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിനായി ₹6,50,000 എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക് ഡിവിഷനിൽ 2016-17 ലും അധികം വേണ്ടി വന്ന ₹32,313/- 2018-19ലും നിക്ഷേപിച്ചതുൾപ്പെടെ ആകെ ₹6,82,313/- പദ്ധതിക്കായി ചെലവഴിച്ചു. 11/2019ലാണ് പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക്സ് വിഭാഗം ക്യാമറ സ്ഥാപിച്ചത്. എന്നാൽ പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ളായിക്കാട് ബൈപ്പാസ് - 2എണ്ണം, മുനിസിപ്പൽ ആർക്കേഡ് -2, പെരുന്ന ബസ് സ്റ്റാന്റ്-2 എന്നീ 3 സ്ഥലങ്ങളിലായി 6 ക്യാമറകൾ സ്ഥാപിച്ചു, ഇതുമായി ബന്ധപ്പെട്ട ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി.

1. നഗരസഭ നിർദ്ദേശിച്ച 4 ജംഗ്ഷനുകളിൽ പെരുന്ന ധന്യ തിയേറ്റർ 1 എണ്ണം എന്നത് ഒഴിവാക്കി മുനിസിപ്പൽ ആർക്കേഡിൽ 1 എണ്ണത്തിന് പകരം 2 എണ്ണം സ്ഥാപിച്ചു. 4 പോയിന്റുകൾ 3 ആയി കുറച്ച് ആണ് സ്ഥാപനം ക്യാമറ ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത്.
2. ക്യാമറ സ്ഥാപിച്ച് കേവലം 2 മാസങ്ങൾക്കുള്ളിൽ ളായിക്കാട് ഭാഗത്ത് മാലിന്യം നിറച്ച ലോറി പാർക്ക് ചെയ്തതുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും പിന്നീട് ആ മാലിന്യം നഗരസഭ ഇടപ്പെട്ട് നഗരസഭയുടെ സ്ഥലത്ത് സംസ്കരിക്കുന്നതിന് ₹19,500 നഗരസഭാ ഫണ്ടിൽ നിന്നും ചെലവഴിക്കുകയും (ചെക്ക് നം. 330259/14.02.2020)) ചെയ്യുകയുണ്ടായി. സ്ഥാപിച്ച ക്യാമറകളിൽ നിന്നും ലഭിക്കുന്ന ചിത്രങ്ങൾ അവ്യക്തമായതിനാൽ മാലിന്യം നിക്ഷേപിക്കുവാൻ വരുന്ന വാഹനങ്ങളുടെ നമ്പർപ്ലേറ്റ്, ചിത്രങ്ങളിൽ നിന്നും രജിസ്ട്രേഷൻ നമ്പർ എന്നിവ ക്യാമറ സൂം ചെയ്താലും വ്യക്തമല്ല എന്ന് ഇത് മോണിട്ടർ ചെയ്ത സെക്ഷനും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
3. എസ്റ്റിമേറ്റിൽ High Definition IP Varifocal IR Bullet Camera 12,500 രൂപയാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ഇതിന്റെ സ്പെസിഫിക്കേഷൻ Image Sensor - 1/3" 2 Megapixel Progressive Scan C MOS Image Sensor, Day & Night With PoE Support Eficetive Pixels 2304(H) X 1296(V) IR Distance - Distance Upto 50m Designed For 12V DC, Focal Length 16mm, Preferred Make HiKVision / Equivalent എന്നാണ്.

   ഈ സ്പെസിഫിക്കേഷൻ ഉള്ള ക്യാമറകളും അനുബന്ധ ഉപകരണങ്ങളുമാണോ സ്ഥാപിച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച് റിപ്പോർട്ടോ, വാറന്റി കാർഡുകളോ സ്ഥാപനം നഗരസഭയ്ക്ക് കൈമാറിയിട്ടില്ല.
4. ക്യാമറ വഴി നഗരസഭയ്ക്ക് ലഭിക്കുന്ന ചിത്രങ്ങൾക്ക് വ്യക്തത കുറവാണെന്നും തന്മൂലം മാലിന്യം നിക്ഷേപിക്കാൻ വരുന്ന വാഹനങ്ങളുടെ വിവരങ്ങൾ അറിയുവാൻ കഴിയുന്നില്ല എന്നും എത്രയും പെട്ടെന്ന് അപാകതകൾ പരിഹരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം നൽകണമെന്നും അറിയിച്ചുകൊണ്ട് 05.11.2019 ൽ

[എച്ച്7 - 12490/16 നം. കത്ത്] പി.ഡബ്ല്യൂ.ഡി.യ്ക്ക് കത്ത് നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ ക്യാമറ നിരീക്ഷണ സംവിധാനത്തിന് ഓഫീസിൽ നിലവിൽ ലഭ്യമായ UPS ൽ നിന്നാണ് വൈദ്യുതി ലഭ്യമാക്കിയിരിക്കുന്നത് എന്നും ചില അവസരങ്ങളിൽ ടി UPS ഓഫ് ആയി പോകുന്നതിനാൽ ക്യാമറ ദൃശ്യങ്ങളുടെ Recording തടസ്സപ്പെടുന്നുണ്ട് എന്നും രാത്രികാലങ്ങളിൽ വാഹനങ്ങളുടെ നമ്പർ വ്യക്തമാകുന്ന തരം ക്യാമറകൾക്ക് വളരെയധികം തുക ചെലവാകുമെന്നതിനാൽ ഉായിക്കാട് ബൈപാസിൽ സ്ഥാപിച്ചിരിക്കുന്ന ക്യാമറകൾ ഇടത്തരം ശേഷിയുള്ളതാണെന്നും, രാത്രികാലത്ത് വഴിവിളക്കുകൾ പ്രകാശിപ്പിക്കുകയാണെങ്കിൽ വ്യക്തമായ ദൃശ്യങ്ങൾ ലഭിക്കുമെന്നാണ് അറിയിച്ചത്. ഇതിൽ നിന്നും നഗരസഭയുടെ ആവശ്യകത മുൻനിർത്തിയുള്ള ക്യാമറ സ്ഥാപിക്കലല്ല നടന്നിട്ടുള്ളത് എന്ന് വ്യക്തമാണ്.

5. Wifi ഉപയോഗിച്ചുള്ള ക്യാമറ നിരീക്ഷണസംവിധാനവുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് കൈമാറിയത് ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ ലിസ്റ്റ് (Description, Quantity) എന്ന നിലയിലാണ്. ഈ ലിസ്റ്റിൽ 2 MP IP Veriocal IR Bullet Camera (Hiki Vision) - 4 No. 2 MP IP Verifocal IR Bullet Camera With HLC And WDR (Hiki Vision) - Model - DS - 2CD 3623GoE - 1ZS - 2No.s ആണ്. 2 തരം സ്പെസിഫിക്കേഷനിൽ ഉള്ള ക്യാമറ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഏതൊക്കെ തരം ക്യാമറകളാണ് 3 Point കളിലായി സ്ഥാപിച്ചത് എന്ന് സംബന്ധിച്ച് റിപ്പോർട്ട് കൈമാറിയിട്ടില്ലാത്തതിനാൽ ഉായിക്കാട് ഭാഗത്ത് സ്ഥാപിച്ച ക്യാമറ ശേഷി കുറഞ്ഞതാണെന്നോ മറ്റു സ്ഥലങ്ങളിൽ സ്ഥാപിച്ചവ ശേഷി കൂടിയവയാണെന്നോ അറിയാൻ കഴിയുന്നില്ല. കൈമാറിയ ഉപകരണങ്ങളുടെ ലിസ്റ്റിൽ ഒരു ഉപകരണത്തിനും വാറന്റി ഉള്ളതായി പറയുന്നില്ല. എസ്റ്റിമേറ്റിൽ ചിലയിനങ്ങൾക്ക് ഒരുവർഷവും 2 വർഷവും വരെ വാറന്റി പറയുന്നുണ്ട്.

6. വാറന്റി കാലയളവിനുശേഷം ടി ഉപകരണത്തിന് തകരാർ ഉണ്ടായാൽ പരിഹരിക്കുന്നതിനായി എ.എം.സി. ചമച്ചിട്ടില്ല.

7. CCTV സ്ഥാപിച്ചത് പരിശോധിച്ചത് സംബന്ധിച്ച് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ ആഞ്ജനേയ ടെക്നോ സൊല്യൂഷൻ എന്ന പ്രൈവറ്റ് സ്ഥാപനത്തിന്റെ റിപ്പോർട്ടിൽ (18.12.2020) നിലവിലെ ക്യാമറ എല്ലാംതന്നെ പ്രവർത്തനയോഗ്യമല്ലെന്നും സാരമായ അറ്റകുറ്റപ്പണി വേണ്ടിവരുന്നതാണെന്നുമാണ്. സ്ഥാപിച്ചത് ഇടത്തരം ക്യാമറകൾ ആയതിനാൽ പ്രയോജനമില്ലെന്നും പവർകൂടിയ ക്യാമറ സ്ഥാപിക്കണമെന്നുമാണ് ടി റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

8. രാത്രികാലങ്ങളിലെ മാലിന്യ നിക്ഷേപം കണ്ടെത്തി ശിക്ഷാനടപടി സ്വീകരിക്കാനും മാലിന്യ നിക്ഷേപം ഇല്ലാതാക്കാനും ലക്ഷ്യമിട്ട് സ്ഥാപിച്ച ക്യാമറ സ്ഥാപിക്കുന്നതിനു മുമ്പ് സ്പെസിഫിക്കേഷൻ, വാറണ്ടി, എ.എം.സി എന്നിവയൊന്നും വ്യക്തമായി പരാമർശിക്കുന്ന എഗ്രിമെന്റ് സ്ഥാപനവുമായി ഒപ്പുവച്ചിട്ടില്ല. 2017ൽ കെൽട്രോൺ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം HDTVI -Vari -Focal Bullet Camera ഒരു പോയിന്റിൽ സ്ഥാപിക്കൽ ഉൾപ്പെടെ ചെലവ് ₹2,38,279 ആയിരുന്നു. എന്നാൽ ഇത് അംഗീകരിക്കാതെ പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക്സ് ഡിവിഷനെ ഏല്പിക്കുകയായിരുന്നു. പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ 2017ലെ എസ്റ്റിമേറ്റ് പ്രകാരം Outdoor Bullet 2 Megapixal IP Cameras (Day &Night Vision) 6 എണ്ണം 3 പോയിന്റിൽ സ്ഥാപിക്കുന്നതിന് 6,00,000/- രൂപയായിരുന്നു. ഇതാണ് 2018-19ൽ സ്ഥാപിച്ചതിന് 6,82,313/-രൂപയായത്. Day & Night Vision സ്പെസിഫിക്കേഷനുള്ള ക്യാമറ സ്ഥാപിച്ചിട്ട്, വഴിവിളക്കുകൾ പ്രകാശിപ്പിച്ചാലേ കൂടുതൽ വ്യക്തമായ ദൃശ്യം ലഭിക്കൂ എന്ന പി.ഡബ്ല്യൂ.ഡി. യുടെ മറുപടി അംഗീകരിക്കാനാവില്ല.

മാലിന്യം നിക്ഷേപിക്കുന്ന വാഹനങ്ങൾ, വ്യക്തികളുടെ ചിത്രങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് നിയമനടപടി സ്വീകരിക്കാൻ ലക്ഷങ്ങൾ ചെലവഴിച്ച് സ്ഥാപിച്ച ക്യാമറ യാതൊരു ഉപയോഗവുമില്ലാതാകുകയും മാലിന്യ നിക്ഷേപം തുടരുകയും തുടർനടപടി സ്വീകരിക്കാൻ ആകാതെയും വരുന്നത് കൗൺസിലിന്റെയും ഉദ്യോഗസ്ഥരുടേയും ഭാഗത്തെ ഗുരുതര വീഴ്ചയാണ്. വ്യക്തമായ ആസൂത്രണം, എഗ്രിമെന്റ് വയ്ക്കൽ, പ്രവൃത്തികൾ നടപ്പാക്കൽ, മോണിട്ടറിംഗ് എന്നിവയുടെ അഭാവത്തിൽ വികസനഫണ്ട് ₹6,82,313 ഫലത്തിൽ പാഴായിരിക്കുന്നു. പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക്സ് ഡിവിഷനുമായി ചർച്ച ചെയ്ത് തുടർ പരിഹാരം കാണാത്ത

പക്ഷം സർക്കാർ ഫണ്ടിന്റെ ദുരുപയോഗമായി കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-26 പൊതുടാപ്പുകളുടെ വെള്ളക്കരം, വൈദ്യുത ചാർജ് കുടിശ്ശിക - ഗ്രാന്റിൽ കുറവ് ചെയ്യുന്നത് സംബന്ധിച്ച്

ബജറ്റ് വിഹിതം 2019-20 പ്രകാരം വികസന ഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങൾക്ക് നല്കാനുള്ള കുടിശ്ശിക യഥാക്രമം 34,29,142/- രൂപയും 1,00,583/- രൂപയും കുറവ് വരുത്തിയാണ് നഗരസഭയ്ക്ക് ഫണ്ട് വിഹിതം ലഭിച്ചത്. എന്നാൽ ഗ്രാന്റിൽ കുറവ് ചെയ്യുന്ന ടി തുകകൾ പ്രസ്തുത സ്ഥാപനങ്ങളുടെ കുടിശ്ശിക തുകയിൽ ക്രമീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്യുന്ന തുകകൾ കുടിശ്ശിക തുകയിൽ നിന്നും കുറവ് വരുത്തുന്നുണ്ടോ എന്ന് വ്യക്തത വരുത്തി വിവരം അറിയിക്കേണ്ടതും നിലവിലെ കുടിശ്ശിക സെറ്റിൽമെന്റ് നടപടികളിലൂടെ അടിയന്തിരമായി ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

## 1-27 സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതി - കൃത്യമായ ആസൂത്രണമില്ലാതെ തുക ചെലവഴിക്കൽ മാത്രം തുടരുന്നു

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 19,43,057 | 2,45,805 (ക്യൂ-ബിൽ 5,67,193) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 86,55,000 | 5,70,871 |
| | | 13,83,869 |

2017-18 ൽ ആരംഭിച്ച് 2019-20ലും സ്പിൽ ഓവറായി തുടരുന്ന സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതിയിൽ (SO 305/20) എയ്റോബിക് യൂണിറ്റ്, എം.ആർ.എഫ്. സെന്ററുകൾ, പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ് എന്നിവയുടെ നിർമ്മാണം ഉൾപ്പെട്ടിരിക്കുന്നു. എയ്റോബിക് യൂണിറ്റ്, എം.ആർ.എഫ്. നിർമ്മാണം, ഷ്രഡിംഗ് യൂണിറ്റിന്റെ വൈദ്യുതീകരണം എന്നിവയ്ക്കായി 2019-20ൽ ₹13,83,869/- ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. 6 സ്ഥലങ്ങളിൽ എയ്റോബിക് യൂണിറ്റും എം.ആർ.എഫ്. സെന്ററുകളും സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യമെങ്കിലും വേഴയ്ക്കാട് ബസ് സ്റ്റാന്റ്, ഫിഷ് മാർക്കറ്റ് എന്നിവിടങ്ങളിൽ 6 ബിൻ ഉള്ള ഓരോ എയ്റോബിക് യൂണിറ്റും ഫിഷ് മാർക്കറ്റിൽ എം.ആർ.എഫ്. സെന്ററുമാണ് സ്ഥാപിച്ചിട്ടുള്ളത്. രണ്ട് എയ്റോബിക് യൂണിറ്റിന്റെ ഭാഗികചെലവ് തുക 5,70,871/-രൂപയും (ബിൽ നം.1/19-20/13.06.2019, 4,11,544/- ബിൽ നം. 5/19-20/9.12.19, 1,59,327/-) ഷ്രഡിംഗ് യൂണിറ്റിന്റെ വൈദ്യുതീകരണം ഇനത്തിലെ ചെലവ് 2,45,805/-രൂപയും എം.ആർ.എഫ്. സെന്റർ നിർമ്മാണച്ചെലവും ചേർത്ത് 2019-20ൽ ക്യൂ-ബിൽ ഉൾപ്പെടെ ആകെ ചെലവഴിച്ച തുക 13,83,869/-രൂപയാണ്. 6 സ്ഥലങ്ങളിൽ എയ്റോബിക് ബിൻ സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കിയെങ്കിലും പ്രദേശവാസികളുടേയും ജനപ്രതിനിധികളുടേയും എതിർപ്പ് മൂലം 4 സ്ഥലങ്ങളിൽ പദ്ധതി നടപ്പാക്കിയില്ലയെന്നും എം.ആർ.എഫ്. സെന്റർ പ്രവർത്തനസജ്ജവും ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ ക്ലീൻ കേരള കമ്പനി ഏറ്റെടുക്കുന്നതായും 2020-21ൽ ₹2,990 ഈ ഇനത്തിൽ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ ലഭിച്ചതായും എൻക്വയറി നം.5/19-20ന് മറുപടി ലഭ്യമാക്കി.

2. പെരുന്ന ബസ് സ്റ്റാന്റ്, ഡംപിംഗ്യാർഡ് എന്നിവിടങ്ങളിൽ മുൻവർഷങ്ങളിൽ സ്ഥാപിച്ച എയ്റോബിക് ബിൻ ഉൾപ്പെടെ നിലവിൽ എയ്റോബിക് ബിന്നുകളൊന്നും തന്നെ ശരിയായ രീതിയിൽ പരിപാലനം ചെയ്യുന്നില്ല. ഈ വിഷയത്തിൽ കൗൺസിലർമാരുടെ പരാതികൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതിൽനിന്ന് എയ്റോബിക് ബിൻ നിർമ്മാണത്തിന്റെ പ്രവർത്തന ലക്ഷ്യം കൈവരിക്കാനായിട്ടില്ല എന്ന് കാണുന്നു.

3. ജൈവമാലിന്യങ്ങൾ മാത്രം നിക്ഷേപിച്ച് ഇനോക്കുലം പോലുള്ള ലായനി തളിച്ച് വളമാക്കി മാറ്റുകയും കൃത്യമായ വളം വില്പന/ഉപയോഗം എന്നിവയിലൂടെ ജൈവമാലിന്യ നിർമ്മാർജ്ജനവും നഗരസഭയ്ക്ക് സാമ്പത്തിക നേട്ടവും ഉണ്ടാക്കി പദ്ധതി വിജയകരമാക്കുക എന്നതാണ് എയ്റോബിക് ബിൻ സ്ഥാപിക്കൽ പ്രവൃത്തിയുടെ ലക്ഷ്യം. ആലപ്പുഴ നഗരസഭയിൽ ഈ പദ്ധതി വളരെ വിജയകരമായി നടപ്പാക്കുന്നുണ്ട്. ജൈവ – അജൈവ മാലിന്യങ്ങൾ തരംതിരിക്കാതെ എയ്റോബിക് ബിന്നിൽ നിക്ഷേപിക്കുകയും മാലിന്യം നിറഞ്ഞു കവിയുമ്പോൾ ഡംപിംഗ് യാർഡിലെ മാലിന്യത്തോടൊപ്പം ചാക്കിൽ നിറച്ച് ക്ലീൻ കേരള കമ്പനിക്ക് നഗരസഭ തുക നൽകികൊണ്ട് കയറ്റി അയയ്ക്കുകയും ചെയ്യുകയാണ് നിലവിൽ നടക്കുന്നത്. 2019-20, 2020-21 വർഷങ്ങളിൽ ഇപ്രകാരം ക്ളീൻ കേരള കമ്പനിക്ക് ഏറ്റെടുത്ത മാലിന്യത്തിന്റെ തുക നൽകുന്നതിനായി 2021-22ൽ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയതായും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

4. പ്ളാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിച്ച് 1 വർഷക്കാലം പ്രവർത്തിച്ച ശേഷം അതിന്റെ പ്രവർത്തനവും നിലവിൽ അവസാനിച്ചിരിക്കുകയാണ്. ഷ്രഡ് ചെയ്ത പ്ലാസ്റ്റിക്ക്, റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനായി ക്ലീൻ കേരളയ്ക്ക് നൽകുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വ്യക്തമായ പദ്ധതിയോ കരാർ ചമയ്ക്കുകയോ ചെയ്തതായ വിവരങ്ങൾ ലഭ്യമല്ല. ഷ്രഡിംഗ് മെഷീൻ, ഷ്രഡിംഗ് യൂണിറ്റിന് ഷെഡ് എന്നിവയ്ക്കായി 2017-18, 2018-19 വർഷങ്ങളിലായി ₹12,69,927/- ചെലവഴിച്ചിട്ടുള്ളതാണ്. പൊടിച്ചുവച്ചിരിക്കുന്ന പ്ലാസ്റ്റിക്കിന്റെ അളവ്, (സ്റ്റോക്ക് രജിസ്റ്റർ) ക്ലീൻ കേരള കമ്പനി എപ്രകാരം ഇത് ഏറ്റെടുക്കും എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ല.

മാലിന്യ നിർമ്മാർജ്ജനത്തിന് പ്രതിവർഷം ലക്ഷങ്ങൾ ചെലവഴിക്കുന്നുണ്ടെങ്കിലും നിലവിലും കൃത്യമായ ഒരു ആസൂത്രണമില്ലാത്തതിനാൽ മാലിന്യം വർദ്ധിക്കുകയും തുക ചെലവഴിക്കലും തുടരുകയാണ്. 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖ.1.33ൽ ഈ വിഷയം വിശദമായി പരാമർശിച്ചിരുന്നു. യു.ഐ.ഡി.എസ്.എസ്.എം.റ്റി - ഖരമാലിന്യ പരിപാലനം പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതമായി ലഭിച്ച 1.45 കോടി രൂപ 2005-06 മുതൽ ചെലവഴിച്ചിട്ട് ഒന്നുപോലും ഫലപ്രാപ്തിയിലെത്താതെ ഫണ്ട് പാഴായതും ബാലൻസ് തുക 71.63 ലക്ഷം തിരിച്ചടച്ചതും ഇവിടെ പ്രത്യേകം ചൂണ്ടിക്കാട്ടുന്നു. (ഖണ്ഡിക നം. 1-45 ൽ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. )വികേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന സംവിധാനം നടപ്പാക്കുന്നതിലേയ്ക്കായി വ്യക്തവും കൃത്യവുമായ പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തുക, മാലിന്യത്തിൽ നിന്നും വരുമാനം ലഭ്യമാക്കുക, ഉറവിട മാലിന്യ സംസ്കരണം നടപ്പാക്കുക തുടങ്ങിയവയിലൂടെ നഗരം മാലിന്യ മുക്തമാക്കാനുള്ള ഊർജ്ജിതശ്രമം നടത്തേണ്ടതാണ്.

## 1-28 മരാമത്ത് പ്രവൃത്തി -യഥാസമയം കരാർ ചമയ്ക്കാത്തതിനുള്ള പിഴ ഈടാക്കിയിട്ടില്ല

| | |
|---|---|
| ഫയൽ നം | ഇ6-15944/19 |
| ഫയൽ നം | ഇ6-15939/19 |

കേരള പൊതുമരാമത്ത് മാന്വൽ 2012 സെക്ഷൻ നം. 2009-6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനുശേഷം 7ദിവസത്തിനകമോ ഫേം പിരീഡിനകത്തോ (ഏതാണോ കുറവ് അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നല്കേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ ഉടമ്പടി ചമച്ചില്ലെങ്കിൽ പി.എ.സി.യുടെ 1% പിഴ ഈടാക്കേണ്ടതാണ്. പിഴയുടെ പരിധി കുറഞ്ഞത് 1,000/-രൂപയും കൂടിയത് 25,000/- രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 24 ദിവസത്തിനകം കരാർ ഉടമ്പടി വച്ചില്ലെങ്കിൽ കരാർ റദ്ദാക്കേണ്ടതുമാണ്. താഴെപ്പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് വയ്ക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ, മാന്വൽ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യാതെ കരാർ ചമച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | പ്രവൃത്തിയുടെ പേര്/ബിൽ നം./തീയതി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി | കരാർ ചമച്ച തീയതി | പി എ സി തുക | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|---|---|
| 1 | മുഹമ്മദ് സലിം | വാർഡ് 29- കണ്ടത്തിൽ ലൈൻ രണ്ടാം റീച്ച് മെയിന്റനൻസ് ബിൽ നം.47/19-20 /29.01.2020 | 12.11.19 | 3/12/19 | 2,22,376.20 | 2,224 |
| 2 | " | പൊതുറോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ബിൽ നം.41/19-20, തീയതി, 25.01.2020 | 12.11.19 | 3/12/19 | 3,56,615.59 | 3,566 |
| | | | ആകെ | | | 5,790 |

ടി കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെ കരാറിൽ ഏർപ്പെട്ടതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/19-20) ലഭിച്ച മറുപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 ടെണ്ടർ ഡിഡക്ഷൻ കുറവു ചെയ്തതിൽ അപാകത- അധികം നൽകിയ ₹ 5,382 സർക്കാരിലേക്ക് തിരികെ അടച്ചു

ഫയൽ നം.ഇ4-11151/18

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം93/19/ഓർത്തഡോക്സ് പള്ളി - സുരേഷ് നേഴ്സിംഗ് ഹോം റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തി ടെണ്ടർ ചെയ്തപ്പോൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 1% കുറവ് തുക ക്വോട്ട് ചെയ്ത കരാറുകാരന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്. എന്നാൽ ബില്ല് തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തി മൂല്യമായ 5,97,993/- രൂപയിൽ നിന്നും 0.1% മാത്രമാണ് കുറവ് ചെയ്തത്. ഇപ്രകാരം ബില്ല് തയ്യാറാക്കിയതിലെ അപാകത മൂലം ₹ 5,382 കോൺട്രാക്ടർക്ക് അധികം നൽകിയിട്ടുണ്ട്.ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15/19-20ന്റെ അടിസ്ഥാനത്തിൽ ₹5,382 (ചെലാൻ നം 22.03.2021 / KL21366668202021m) പ്രകാരം സർക്കാരിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായ ഉപകരണം -- 2018-19ൽ നടപ്പാക്കിയ പദ്ധതി - ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല

| | |
|---|---|
| ഫയൽ നം | G8-11138/13 |

ജനറൽ ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19ൽ സ്പിൽ ഓവറായി നടപ്പാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായ ഉപകരണം എന്ന സ്പിൽ ഓവർ പദ്ധതിയിൽ (SO267/19) ഉൾപ്പെടുത്തി വാങ്ങിയ ഉപകരണങ്ങളിൽ ഉൾപ്പെട്ട വിവിധ ഉപകരണങ്ങൾ ഗുണഭോക്താക്കൾ കൈപ്പറ്റാതെ ശേഷിക്കുന്നതായി മേൽ പരാമർശിച്ച ഫയൽ, 25.11.19ലെ 41-ം നമ്പർ കൗൺസിൽ തീരുമാനം എന്നിവ പ്രകാരം വ്യക്തമാകുന്നു.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖ.1.50(iii)ൽ ഈ പദ്ധതിയുടെ ഭാഗിക ചെലവുരേഖകൾ മാത്രമാണ് ഹാജരാക്കിയത് എന്ന പരാമർശവും ഉൾപ്പെടുത്തിയിരുന്നു.

മേൽ പരാമർശിച്ച ഫയൽ, കൗൺസിൽ തീരുമാനം എന്നിവ പ്രകാരം വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപകരണങ്ങളുടെ പേര് | എണ്ണം |
|---|---|---|
| 1 | Knee Cap | 4 ജോടി |
| 2 | Wheel Chair | 4എണ്ണം |
| 3 | Bed(Back Rest Support) | 1 എണ്ണം |
| 4 | CP Chair With Support | 1 എണ്ണം |
| 5 | " " (Curved) | 1 എണ്ണം |
| 6 | Digital Hearing Aid | 2 എണ്ണം |
| 7 | Modified Slipper 7" | 1 എണ്ണം |

ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തത്, ഗുണഭോക്താക്കൾക്ക് ഉപകരണം വിതരണം ചെയ്യാത്തതിന്റെ കാരണം, നിലവിലെ സ്ഥിതി, ഗുണഭോക്താക്കളുടെ ആവശ്യം നിർണ്ണയിക്കുന്നതിൽ ഉണ്ടായ അപാകത എന്നീ വിഷയങ്ങളിൽ അന്വേഷണം നടത്തി അടിയന്തിരമായി മറുപടി അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.1/19-20 ന് നിർവഹണ ഉദ്യോഗസ്ഥനും സെക്രട്ടറിയും മറുപടി ഹാജരാക്കിയില്ല. പദ്ധതി നടത്തിപ്പിലെ ഗുരുതരമായ കൃത്യവിലോപം, രേഖകൾ കൃത്യമായി സൂക്ഷിക്കാതിരിക്കുക, ഓഡിറ്റിന് രേഖകൾ ഹാജരാക്കാതിരിക്കുക എന്നിവയിൽ അന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിക്ക് ശുപാർശ ചെയ്യുന്നു.

## 1-31 ഐ.കെ.എം. വിഹിതം നൽകൽ - അധികം നൽകിയ തുക ക്രമീകരിച്ചിട്ടില്ല

| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|
| ബിൽ നം.68/19-20/തീയതി, 3.04.2020 (ക്യൂ ബിൽ) | ₹2,94,538 |
| ബിൽ നം.83/19-20/തീയതി, 31.03.2020 | ₹21,986 |

ഐ.കെ.എം. വിഹിതം നൽകൽ പദ്ധതിയിൽ ഉൾപ്പെടുത്തി ₹3,16,524 IKMന്റെ 23.09.2019ലെ കത്ത് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ₹3,97,588 ചെലവഴിക്കാതെ ഐ.കെ.എം.ൽ ശേഷിക്കുന്നതായി 31.03.2016 മുതൽ ഐ.കെ.എം. വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തുന്നുണ്ട്. 2018-19 ഓഡിറ്റ് റിപ്പോർട്ടിലും ഈ പരാമർശം ഉൾപ്പെടുത്തിയിരുന്നു. ബാലൻസ് നിൽക്കുന്ന തുക ഏത് വർഷത്തെ ആണെന്നും, ഈ തുക ബാലൻസ് നിൽക്കവെ അത് ക്രമീകരിക്കാതെ 2019-20, 2020-21 വർഷങ്ങളിൽ ഐ.കെ.എം. ആവശ്യപ്പെട്ട തുക പൂർണ്ണമായി നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/19-20ന് മറുപടി ലഭ്യമാക്കിയില്ല. അടിയന്തിരമായി വിശദാംശം ലഭ്യമാക്കി തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 എ ബി സി പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

എ ബി സി പദ്ധതി (44/20) നടത്തിപ്പിനായി 2019-20ൽ ₹2,00,000 ബിൽ നം.6/19-20/9.12.19 പ്രകാരം പിൻവലിച്ച് കോട്ടയം കുടുംബശ്രീ ജില്ലാ മിഷന് നൽകിയിട്ടുണ്ട്. തുകയുടെ കൃത്യമായ വിനിയോഗ വിവരം, എ ബി സി പദ്ധതിയ്ക്ക് വേണ്ടി മുൻവർഷങ്ങളിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/19-20ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നടത്തിപ്പിന് തുക അനുവദിക്കുമ്പോൾ മുൻവർഷങ്ങളിൽ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതിയുടെ ഭാഗമായി നഗരസഭയിൽ നടപ്പാക്കിയ പ്രവർത്തനങ്ങളിൽ വ്യക്തത വരുത്താൻ കൗൺസിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ 2,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിക്കുന്ന ആസ്തികൾ തുടർപ്രവർത്തനം ഇല്ലാതെ നിഷ്ക്രീയമാകുന്നു

I) ഡേ കെയർ സെന്റർ - 5 വർഷത്തിനു ശേഷവും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| ഫയൽ നം. | ഇ6/17902/18 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

2015-16 സാമ്പത്തിക വർഷത്തിൽ ₹19,53,097ചെലവഴിച്ച് നിർമ്മിച്ച ഡേ കെയർ സെന്റർ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. 2017-18ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഓഡിറ്റ് ടീം പ്രാദേശിക പരിശോധന നടത്തിയതിന്റെ വിശദാംശം ഉൾപ്പെടെ ഇതിന്റെ ശോചനീയാവസ്ഥ റിപ്പോർട്ട് ചെയ്തിരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ SO 185/20 നമ്പർ പ്രോജക്ടിൽ വികസന ഫണ്ട് ₹90,042 (ബിൽ നം.38/19-20, തീയതി, 20.01.2020)ചെലവഴിച്ച് ഈ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനും, ₹4,95,436ചെലവഴിച്ച് 2020-21ൽ (പ്രോജക്ട് നം.158/21) മെയിന്റനൻസ് വർക്കും നടത്തി കെട്ടിടം പ്രവർത്തനസജ്ജമാക്കിയിട്ടുണ്ടെങ്കിലും നിലവിലും കെട്ടിടം പ്രവർത്തിക്കാൻ തുടങ്ങിയിട്ടില്ല. ധാരാളം ഗവൺമെന്റ്/പ്രൈവറ്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന എം.സി.റോഡിന്റെ സൈഡിൽ നിർമ്മിച്ചിട്ടുള്ള ഡേ കെയർ സെന്റർ പ്രവർത്തനമാരംഭിച്ചാൽ ജീവനക്കാർക്ക് പ്രയോജനകരവുമാവുകയും നഗരസഭയ്ക്ക് വരുമാനമാകുകയും ചെയ്യുന്നതാണ്.

II) പകൽവീട് – പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| ഫയൽ നം. | ഇ6/15894/18 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

2018-19, 2020-21 വർഷങ്ങളിലായി ₹27,53,235 ചെലവഴിച്ച് പകൽവീട് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 2019-20ൽ SO 325/20 നം.പ്രോജക്ടായി വികസനഫണ്ട് ₹1,02,687 ചെലവഴിച്ച് വയറിംഗും നടത്തിയിട്ടുണ്ട്. (ബിൽ നം.31/19-20/2.01.2020). എന്നാൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തിയാക്കാതെ കെട്ടിടം അടഞ്ഞുതന്നെ കിടക്കുന്നു. കോവിഡ് കാരണം ഈ കെട്ടിടങ്ങൾ തുറന്ന് പ്രവർത്തിക്കാൻ തുടങ്ങിയിട്ടില്ല എന്നാണ് എൻക്വയറി നം. 26/19-20 ന് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയത്. കൂടാതെ മുൻവർഷങ്ങളിൽ 76.15 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഇ.എം.എസ് എസി ഓഡിറ്റോറിയം നഗരസഭയ്ക്ക് യാതൊരു വരുമാനവും പ്രദാനം ചെയ്യുന്നില്ല. ഇപ്രകാരം നഗരസഭയുടെ നിരവധി ആസ്തികൾ നിഷ്ക്രിയമാകുന്നതു സംബന്ധിച്ച് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-32 ൽ വിശദമായി പരാമർശിച്ചിരുന്നു.

നഗരസഭയുടെ ആസ്തികൾ അതാത് ഉദ്ദേശ്യ ലക്ഷ്യത്തോടെ പ്രവർത്തിക്കാനും പ്രയോജനപ്രദമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 യു.ഐ.ഡി.എസ്.എസ്.എം.റ്റി ഖരമാലിന്യ പരിപാലനം പദ്ധതി നടപ്പാക്കിയില്ല – 10 വർഷത്തിനു ശേഷം തുക തിരിച്ചടച്ചു

ഫയൽ നം.ഇ5/591/06

2005-06 ൽ ആരംഭിച്ച് 2016-17 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയ യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതി, KSUDP, അമൃത് സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് എന്നീ ഏജൻസികൾ മുഖേനയായിരുന്നു പ്രവൃത്തികൾ നടപ്പാക്കിയത്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നഗരസഭയിൽ ഖരമാലിന്യ പരിപാലനം, കുടിവെള്ള പദ്ധതി എന്നിവയ്ക്കാണ് കേന്ദ്ര-സംസ്ഥാന വിഹിതം ലഭ്യമാക്കിയത്. കുടിവെള്ള പദ്ധതി 80% പൂർത്തിയായിട്ടുണ്ട്. ഖരമാലിന്യ പരിപാലനത്തിന് ₹1,34,16,913 മുൻ വർഷങ്ങളിലായി ചെലവഴിച്ചുവെങ്കിലും പദ്ധതി ലക്ഷ്യം കൈവരിക്കാതെ ഫണ്ട് പാഴാകുകയാണ് ഉണ്ടായത്. (2017-18 ഓഡിറ്റ് റിപ്പോർട്ടിൽ ഖ.3-31-3ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്). കുടിവെള്ള പദ്ധതിക്ക് കരാറുകാരന് നൽകാനുള്ള ₹22,42,651 ജി.ഒ.(ആർ.റ്റി) നം.740/2019/LSGD/28.03.19 പ്രകാരം ഖരമാലിന്യ പദ്ധതി തുകയിൽ നിന്നും 29.03.19ന് നൽകിയിട്ടുണ്ട്. 2017 വരെ പലതവണയായി കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടും പദ്ധതി പൂർത്തിയാക്കാത്ത സാഹചര്യത്തിലും പദ്ധതി അവസാനിപ്പിച്ചതിനാലും അക്കൗണ്ടിൽ ശേഷിക്കുന്ന തുക പലിശയടക്കം തിരിച്ചടയ്ക്കാൻ അമൃത് മിഷൻ ഡയറക്ടർ ആവർത്തിച്ച് ആവശ്യപ്പെട്ടതിനാൽ ₹1,75,000 കൂടി KWA തിരുവല്ലയ്ക്ക് 26.12.19ൽ ചെക്ക് നം.954888 പ്രകാരം നൽകിയതിനു ശേഷം ഖരമാലിന്യ പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം ₹71,63,757(പലിശയുൾപ്പെടെ) 2019-20ൽ തിരിച്ചടച്ചു.

തിരിച്ചടച്ച തുകയുടെ വിശദാംശം

| | | |
|---|---|---|
| കേന്ദ്ര വിഹിതം | 63,53,048 | ചെക്ക് നം.954889/26.12.19 |
| സംസ്ഥാന വിഹിതം | 8,10,709 | ചെക്ക് നം.954890/17.01.2020 |
| ആകെ | 71,63,757 | |

ഖരമാലിന്യ പദ്ധതി വിഹിതത്തിൽ നിന്നും മുൻവർഷങ്ങളിൽ ചെലവഴിച്ച തുക ഉൾപ്പെടെ ആകെ ₹1,45,10,816 (കേന്ദ്രവിഹിതം ₹1,29,92,131, സംസ്ഥാന വിഹിതം ₹15,18,685) വിവിധ പദ്ധതികൾക്കായി ചെലവഴിച്ചുവെങ്കിലും ഒന്നു പോലും ഫലപ്രാപ്തിയിലെത്തിക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ച് ഫണ്ട് പാഴാക്കുകയാണ് ഉണ്ടായത്. നഗരസഭയ്ക്കോ പൊതുജനത്തിനോ പ്രയോജനം ലഭിക്കാതെ 1.45 കോടി രൂപ കേന്ദ്ര-സംസ്ഥാന വിഹിതം പാഴാക്കിയും ബാലൻസ് തുക തിരിച്ചടച്ചുകൊണ്ടും മാലിന്യ നിർമ്മാർജനത്തിന് വർഷംതോറും ലക്ഷങ്ങൾ ചെലവഴിക്കുന്ന പ്രവണതയാണ് നഗരസഭയിൽ തുടരുന്നത്. കൃത്യമായ ആസൂത്രണം, ഏകോപനം, ലക്ഷ്യം എന്നിവയുടെ അഭാവമാണ് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായത്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഈ പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം പലിശ ഉൾപ്പെടെ തിരിച്ചടച്ചിട്ടും ഇന്ത്യൻ ബാങ്കിന്റെ അക്കൗണ്ടിൽ 31.03.2020ലെ നീക്കിയിരുപ്പ് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 40,09,745 രൂപയാണ്. ഈ തുകയുടെ വിശദാംശം ലഭ്യമാക്കുന്നതോടൊപ്പം സർക്കാർ നിർദ്ദേശം ലഭ്യമാക്കി തുക ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

നഗരസഭ നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നായ മാലിന്യ നിർമ്മാർജ്ജന പ്രശ്നത്തിന് ഏറെക്കുറെ പരിഹാരമാകുമായിരുന്ന പദ്ധതിയ്ക്ക് കേന്ദ്ര-സംസ്ഥാന ഫണ്ട് വിഹിതം ലഭ്യമായിട്ടും ഫലപ്രദമായി ഉപയോഗിക്കാതെ 10 വർഷങ്ങൾക്ക് ശേഷം തുക തിരിച്ചടച്ചത് നഗരസഭ കൗൺസിലിന്റെയും കാലാകാലങ്ങളിലെ ഉദ്യോഗസ്ഥരുടേയും ഗുരുതരമായ വീഴ്ചയാണ്.

## 1-35 നഗരസഭ സെക്രട്ടറിമാരുടെ ശമ്പളവും അലവൻസുകളും, പെൻഷൻ അംശദാനം എന്നിവ

| |
|---|
| അടവാക്കുന്നില്ല |

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരള സർവ്വീസ് റൂൾ പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം സർക്കാർ ജീവനക്കാരനായ (നഗരസഭ സേവനത്തിനായി വിട്ടുകൊടുത്ത) സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സംസ്ഥാന ഫണ്ടിൽ നിന്ന് പിൻവലിക്കേണ്ടതും തുടർന്ന് പ്രസ്തുത തുകകളും പെൻഷൻ അംശദാനവും നഗരസഭ തനതു ഫണ്ടിൽ നിന്ന് മാസംതോറും തിരികെ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതുമാണ്. എന്നാൽ കാലങ്ങളായി ചങ്ങനാശ്ശേരി നഗരസഭ സെക്രട്ടറിമാർ ടി തുകകൾ സംസ്ഥാന ഫണ്ടിലേയ്ക്ക് തിരിച്ചടവാക്കുന്നില്ല. നഗരസഭയിൽ നിന്ന് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2019-20 സാമ്പത്തികവർഷം ചുമതലയുണ്ടായിരുന്ന സെക്രട്ടറിമാരുടെ ശമ്പളവും അലവൻസുകളും സംസ്ഥാന ഫണ്ടിലേയ്ക്ക് യഥാസമയം അടവാക്കുന്നില്ലായെന്ന് വ്യക്തമായി. ഇത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ശ്രീ എ. എസ്. ശ്രീകാന്ത് (01.04.2019 മുതൽ 05.09.2019 വരെ)

ടിയാൻ 04/19 മുതൽ 05.09.19 വരെ ട്രഷറിയിൽ നിന്ന് മാറിയിട്ടുള്ള ശമ്പളവും അലവൻസുകളും നഗരസഭ ഫണ്ടിൽ നിന്നും സംസ്ഥാന ഫണ്ടിലേയ്ക്ക് തിരികെ അടവാക്കിയിട്ടില്ല. ടി കാലയളവിൽ ട്രഷറിയിൽ നിന്ന് മാറിയ തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | തുക |
|---|---|
| 4/2019 | 68,170 |
| 5/2019 | 68,170 |
| 6/2019 | 68,170 |
| 7/2019 | 68,170 |
| 8/2019 | 68,170 |
| 9/2019 | 11,362 |
| ആകെ | 3,52,212 |

2) ശ്രീ വി. പി. ഷിബു (16.09.2019 മുതൽ 31.03.2020 വരെ)

ടിയാൻ 16.09.2019 മുതൽ 03/2020 വരെ ട്രഷറിയിൽ നിന്ന് മാറിയിട്ടുള്ള ശമ്പള തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | തുക |
|---|---|
| 9/2019 | 59,081 |
| 10/2019 | 66,420 |
| 11/2019 | 66,420 |
| 12/2019 | 66,420 |
| 1/2020 | 66,420 |
| 2/2020 | 66,420 |
| 3/2020 | 17,141 |
| ആകെ | 4,08,322 |

മേൽ രേഖപ്പെടുത്തിയ തുകകൾ അടവ് വരുത്താത്തത് മൂലം 2019-20 സാമ്പത്തിക വർഷം ശമ്പളമിനത്തിൽ മാത്രം ₹7,60,534/- സർക്കാരിനോട് ബാധ്യതപ്പെട്ടിരിക്കുന്നു. മുൻവർഷങ്ങളിൽ സമാനമായ രീതിയിൽ പണമാക്കിയിട്ടുള്ള ബിൽ തുകകളും സർക്കാരിലേയ്ക്ക് തിരികെ ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും തുക അടിയന്തിരമായി സംസ്ഥാന ഫണ്ടിലേയ്ക്ക് അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നാളിതുവരെയുള്ള തുകയുടെ അടവ് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-36 സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് പെൻഷൻ അംശദാനം അടവാക്കുന്നില്ല

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്)ചട്ടം 8(1) അനുസരിച്ച് എല്ലാ മാസവും 15-ം തീയതിയ്ക്കകം പെൻഷൻ അംശദാനം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. എന്നാൽ ടി തുക അടവാക്കാത്തത് മൂലം ചട്ടം 8(5)ൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ പലിശ ഒടുക്കേണ്ടി വരുകയോ ക്രമീകരിക്കപ്പെടുകയോ ചെയ്യുന്നതിനാൽ നഗരസഭ ഫണ്ടിന് അധിക ചെലവ് ഉണ്ടാകുന്നു. നഗരസഭയിൽ നിന്ന് ലഭ്യമാക്കിയ ഫയൽ, അനുബന്ധ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വർഷങ്ങളായി നഗരസഭയിൽ നിന്നും പെൻഷൻ അംശദാനമിനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് തുക അടവാക്കുന്നതായി കാണുന്നില്ല. തനത് സാമ്പത്തിക വർഷം പണമാക്കിയ ബില്ലുകൾ പ്രകാരം നഗരസഭ ഫണ്ടിൽ നിന്നും സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കാനുള്ള പെൻഷൻ അംശദാനത്തിന്റെ (രജിസ്റ്റർ പ്രകാരമുള്ളത്)തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| മാസം | അടവാക്കാനുള്ള തുക |
|---|---|
| 04/2019 | 3,06,035 |
| 05/2019 | 2,96,019 |
| 06/2019 | 2,98,645 |
| 07/2019 | 2,98,668 |
| 08/2019 | 2,86,588 |
| 09/2019 | 2,68,990 |
| 10/2019 | 2,78,669 |
| 11/2019 | 2,74,761 |
| 12/2019 | 2,65,533 |
| 01/2020 | 2,68,130 |
| 02/2020 | 2,53,760 |
| 03/2020 | 2,75,813 |
| ആകെ | ₹ 33,71,611 |

മേൽ വിവരിച്ച ബില്ലുകൾ പ്രകാരമുള്ള തൻവർഷ തുക 33,71,611/-രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ B-9 പ്രകാമുള്ള വർഷാവസാന ബാദ്ധ്യത 1,28,84,629 രൂപയാണ്. പ്രസ്തുത തുകയിൽ വർഷാരംഭത്തിലുള്ള ബാദ്ധ്യത തുകയും ഉൾപ്പെടുത്തുന്നതിനാൽ ബാദ്ധ്യതയുടെ വർഷം തിരിച്ചുള്ള കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

പെൻഷൻ അംശദാന സ്റ്റേറ്റ്മെന്റ് എല്ലാ മാസവും നഗരകാര്യ ഡയറക്ടർക്ക് അയച്ചു കൊടുക്കുന്നതിൽ പെൻഷൻ അംശദാനം ജീവനക്കാരുടെ അവധി ദിവസം ഒഴിച്ചുള്ള ദിവസങ്ങൾക്ക് മാത്രമായി കണക്കാക്കിയിരിക്കുന്നു. ജീവനക്കാർക്ക് അനുവദിക്കുന്ന അർഹമായ അവധി പെൻഷൻ തുക നിർണയിക്കുന്നതിന് ഒഴിവാക്കപ്പെടുന്നതല്ല. ആയതിനാൽ ഇപ്രകാരം പെൻഷൻ അംശദാനം കണക്കാക്കുന്ന രീതി ശരിയല്ല. യഥാസമയം പെൻഷൻ അലോട്ട്മെന്റ് തുകയിൽ നിന്ന് കുടിശ്ശിക ഇനത്തിലുള്ള അംശദാനം ക്രമീകരിക്കുന്നത് മൂലം സേവനത്തിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ സാധിക്കാതെ വരുന്നു. പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാത്തതിനാൽ വിരമിച്ച ജീവനക്കാർ കേസ് കൊടുക്കുന്നതുമൂലം നഗരസഭയ്ക്ക് കേസ് നടത്തിപ്പിനും മറ്റുമായി അധിക തുക ചെലവഴിക്കേണ്ടതായും വരുന്നു. ആയതിനാൽ നഗരസഭ ജീവനക്കാരുടെ പെൻഷൻ അംശദാനം നിശ്ചിത സമയത്ത് അടവാക്കി നഗരസഭ ഫണ്ടിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 1-37 ലൈബ്രറി സെസ്സ് - നഗരസഭയ്ക്ക് ബാധ്യത - വൻതുക കുടിശ്ശിക അടവാക്കാൻ ബാക്കി

2011-12 മുതൽ 2019-20 വർഷം വരെ ലൈബ്രറി സെസ്സിനത്തിൽ ₹88,51,793 ഗ്രന്ഥശാല സംഘത്തിലേയ്ക്ക് അടവാക്കാൻ ബാക്കിയുള്ളതായി ഫയൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ടി തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

അടവാക്കാൻ ശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ

| വർഷം | വസ്തുനികുതി | ലൈബ്രറി സെസ്സ് | ലൈബ്രറി സെസ്സിനത്തിൽ കൗൺസിലിൽ അടവാക്കേണ്ട തുക | ലൈബ്രറി കൗൺസിലിൽ അടച്ച തുക | സെസ്സ് ഇനത്തിൽ അടവാക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 2011-12 | 1,68,38,895 | 8,41,945 | 8,41,945 | 8,41,808 | 137 |
| 2012-13 | 1,81,57,501 | 9,07,875 | 9,07,875 | -- | 9,07,875 |
| 2013-14 | 1,83,36,539 | 9,16,827 | 9,16,827 | | 9,16,827 |
| 2014-15 | 1,70,33,200 | 8,51,660 | 8,51,660 | - | 8,51,660 |
| 2015-16 | 2,33,94,200 | 11,69,710 | 11,69,710 | - | 11,69,710 |
| 2016-17 | 2,36,30,900 | 11,81,545 | 11,81,545 | - | 11,81,545 |
| 2017-18 | 2,54,12,380 | 12,70,619 | 12,70,619 | - | 12,70,619 |
| 2018-19 | 4,14,59,480 | 20,72,974 | 20,72,974 | - | 20,72,974 |
| 2019-20 | 3,36,90,680 | 16,84,534 | 16,84,534 | 12,04,088 | 4,80,446 |
| ആകെ | 21,79,53,775 | 1,08,97,689 | 1,08,97,689 | 20,45,896 | 88,51,793 |

ടി തുക നാളിതുവരെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരുവർഷം ലൈബ്രറി സെസ്സിനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി (ഏപ്രിൽ 30 നകവും നവംബർ 30 നകവും) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേയ്ക്ക് അടവാക്കേണ്ടതാണ്. ഇതിന് വീഴ്ച വരുത്തിയാൽ പ്രസ്തുത കാലയളവിലുള്ള സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി പലിശ സെക്രട്ടറിയിൽ നിന്ന് ഈടാക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.09.2005 ലെ 10088/എൽ3 /05-ാം നമ്പർ സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറി സെസ്സ് തുക യഥാസമയം ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണെന്ന് നഗരകാര്യ ഡയറക്ടറുടെ 01.06.2017 ലെ ഡിഡി3/9635/2017-ാം നമ്പർ കത്ത് പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

നികുതിദായകരിൽ നിന്ന് പ്രത്യേക കാര്യത്തിനായി മാത്രം പിരിച്ചെടുത്ത തുക നാളിതുവരെ ലൈബ്രറി കൗൺസിലിൽ അടവാക്കാതെ കുടിശ്ശിക വരുത്തിയത് നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. ആയതിനാൽ ലൈബ്രറി സെസ്സിനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ കണക്കുകളും രജിസ്റ്ററും കൃത്യമായി സൂക്ഷിക്കേണ്ടതും ആയത് യഥാസമയം ലൈബ്രറി കൗൺസിലിൽ അടവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 പി.എം.എ.വൈ -ലൈഫ് വിഹിതം -അവലോകനം

2019-20 വർഷം പി.എം.എ.വൈ -ലൈഫ് വിഹിതം ജനറൽ (SO 04/20) SCP(SO 5/20) പദ്ധതികളിൽ യഥാക്രമം ₹1,19,65,000, ₹17,20,010 വീതം ചെലവഴിച്ചിട്ടുണ്ട്. 2019-20ൽ ജനറൽ വിഭാഗത്തിൽ 39ഉം എസ്.സി.വിഭാഗത്തിൽ 4ഉം ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

2017-18ൽ എഗ്രിമെന്റ് വെച്ച് നിർമ്മാണം ആരംഭിച്ച രണ്ട് ഗുണഭോക്താക്കളും 2018-19ൽ നിർമ്മാണം ആരംഭിച്ചവരിൽ 11 പേരും ഭാഗികമായി മാത്രമാണ് ഭവനനിർമ്മാണം നടത്തിയിട്ടുള്ളത്. വിവിധ കാരണങ്ങളാൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ബാക്കി തുകയും അനുവദിക്കാനാവാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. 2019-20 ൽ എഗ്രിമെന്റ് വച്ച 28 ഗുണഭോക്താക്കൾ ഉൾപ്പെടെ മുഴുവൻ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

പി.എം.എ.വൈ യുടെ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ 2019-20 വരെ കേന്ദ്രവിഹിതം 88,20,000/-രൂപയും സംസ്ഥാന വിഹിതം 29,40,000/-രൂപയും വന്നിട്ടുള്ളതായി എൻക്വയറി നം.8/19-20ന് മറുപടി ലഭ്യമാക്കി. ഈ അക്കൗണ്ടിൽ 31.03.2020ലെ ബാലൻസ് തുക 92,55,850/-രൂപയാണ്.

ഭവന പദ്ധതിയ്ക്കായി തുക ക്രമീകരിച്ചിരിക്കുന്നത് കേന്ദ്രവിഹിതം ₹1,50,000/-, സംസ്ഥാന വിഹിതം ₹50,000, നഗരസഭാ വിഹിതം-₹2,00,000(പദ്ധതി വിഹിതം) എന്ന ക്രമത്തിലാണ്. എന്നാൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിനാൽ കൃത്യമായ അനുപാതം പാലിക്കാതെയാണ് പദ്ധതി വിഹിതം, കേന്ദ്ര-സംസ്ഥാന വിഹിതം എന്നിവയിൽ തുക ചെലവഴിക്കുന്നത്.

### 1-39 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി -ആസ്തി സൃഷ്ടിക്കപ്പെടുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല

2019-20 ൽ ആകെ 16144 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുകൊണ്ട് 94 പ്രവൃത്തികൾ നടപ്പാക്കിയതിന് 34,95,427/-രൂപ ചെലവഴിച്ചു. പ്രവൃത്തികളിൽ ഒന്നുപോലും ആസ്തി സൃഷ്ടിക്കുന്നവ അല്ലായിരുന്നു. ഓട ശുചീകരണം, കൃഷിക്ക് മുൻപുള്ള അനുബന്ധ പ്രവൃത്തികൾ നടപ്പാക്കൽ എന്നിവ ആയിരുന്നു ഭൂരിഭാഗം പ്രവൃത്തികളും. കോടികൾ ചെലവഴിച്ച് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം ആസ്തികൾ സൃഷ്ടിക്കുന്നതിനും വികസനോന്മുഖമായ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമനം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ബിൽനം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1. | കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടലും പുതിയ പോസ്റ്റ് സ്ഥാപിക്കലും ലൈൻ വലിക്കലും | 187/ 03.12.19 | 19,205 | 19,205 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,99,54,916 |
| തൻവർഷം നിക്ഷേപിച്ചതുക | - |
| തൻവർഷ പലിശ | 9,42,892 |
| ആകെ | 2,08,97,808 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 38,45,944 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,70,51,864 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| സ്ഥിരനിക്ഷേപ വിശദാംശങ്ങൾ | സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക |
|---|---|
| കെയുആർഡിഎഫ് സി ഷെയർ (100 രൂപ നിരക്കിലുള്ള 1500 ഷെയറുകൾ) | 1,50,000 |
| ഇൻഡ്യൻ ബാങ്ക് FD No.6193608446ആധുനിക അറവ് ശാല ഗ്രാന്റ് | 72,08,735 |
| ഇൻഡ്യൻ ബാങ്കിലെ FD No.945548907 ആധുനിക അറവ് ശാല ഗ്രാന്റ് | 76,07,267 |
| എസ്.ബി.ഐ.37761307353 | 5,34,088 |
| എസ്.ബി.ഐ,എസ്.ബി കോളേജ് ചങ്ങനാശ്ശേരി | 15,51,774 |
| ആകെ | 1,70,51,864 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിവിധ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നഗരസഭയെ സംബന്ധിച്ച് ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 2(6),4(കെ) | 1998 | 2(1)2 | ധനസഹായം/ വായ്പാവിനിയോഗം ലക്ഷ്യം കൈവരിച്ചില്ല. | ബഹു ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2004-06)യുടെ 19-ാമത് റിപ്പോർട്ട് ആയതിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് (45 -ാമത് റിപ്പോർട്ട് 2014-16)എന്നിവ പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിലുള്ള തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്{ഖണ്ഡിക 62(1.6.18) ഖണ്ഡിക 66 (1.7.18),ഖണ്ഡിക 71(1.8.9) ഖണ്ഡിക 75(1.9.9),ഖണ്ഡിക 80(1.10.9)} |
| | 72 | | 2(1)3 | കരാറുകാർ കാണിക്കുന്ന അലംഭാവവും അവർക്കു നൽകുന്ന അനർഹമായ ആനുകൂല്യങ്ങളും. | |
| 1997-98 | 38 | 2000-01 | 5-5(ബി) | വാഴപ്പള്ളി ക്ഷേത്രം – കുറ്റിശ്ശേരിക്കടവ് റോഡ് പുനരുദ്ധാരണത്തിലെ ക്രമക്കേടുകൾ – | |
| 1997-98 | 45 | 2000-01 | 5-5(സി) | റോഡ് മണ്ണിട്ട് നികത്തലിൽ നിയമാനുസൃത കുറവ് കണക്കാ ക്കാത്തതിൽ | |

| | | | | | |
|---|---|---|---|---|---|
| | | | | വന്ന കുറവ് – 18,061/-രൂപ | |
| 1998-99 | 30 | 2001-02 | 6-2-5(ii) | കൊട്ടാരംചിറ റോഡിൽ നിന്ന് ആരംഭിക്കുന്ന റോഡ് – മണ്ണിട്ട് നികത്തുന്നതിൽ അധിക നിരക്ക് നൽകി – 47,505 | |
| 1999-2000 | 40-J | 2001-02 | 6-2-5(vii) | നേർച്ചപ്പാറ കോളനി – കുടിവെള്ളം – ഭൂനിരപ്പ് ടാങ്ക് നിർമ്മാണം – ലക്ഷ്യം കൈവരിക്കാത്ത പദ്ധതി | ബഹു ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2004-06)യുടെ 19-ാമത് റിപ്പോർട്ട് ആയതിന്മേലുള്ള ആക്ഷൻ ടേക്കൻ റിപ്പോർട്ട് (45 -ാമത് റിപ്പോർട്ട് 2014-16)എന്നിവ പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിലുള്ള തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്{ഖണ്ഡിക 98 (1.11.18) } |
| 1998-99 | 49(14) | 2001-02 | 6-5(iii) | അന്തർദേശീയ സ്പോർട്സ് കൗൺസിൽ - ലക്ഷ്യം കൈവരിക്കാത്ത പദ്ധതി | |
| 2000-01 | 32 | 2003-04 | അദ്ധ്യായം 6 ഖ.13 | മറ്റ് പരാമർശങ്ങൾ വനിതാ വ്യവസായ യൂണിറ്റ് 40,000 | നിയമസഭാ സമിതി പരിഗണിച്ചുവരുന്നു |
| 1998-99 | 49(14) | 2004-05 | 2-1 | തുടർപ്രവർത്തനമില്ല പദ്ധതികൾക്കേറ്റെടുത്ത 4.01 കോടി രൂപയുടെ ഭൂമി പാഴാകുന്നു | നിയമസഭാ സമിതി പരിഗണിച്ചുവരുന്നു |
| 2001-02 | 2001-02 ഡി.സി.ബി ഓഡിറ്റ് ഖണ്ഡിക 2-14, 2-15, 2-18, 2-27 | 2005-06 | 3-14.1 | കാര്യക്ഷമതയില്ല. തനതുവരുമാനം ലക്ഷങ്ങൾ ചോരുന്നു. | നിയമസഭാ സമിതി പരിഗണിച്ച വരുന്നു |
| 2002-03 | ചെലവ് ഓഡിറ്റ് 2-11 | 2006-07 | 4.13.2 | വൈദ്യുതി ഉപകരണങ്ങളുടെ വാങ്ങലും വിതരണവും അപാകതകൾ | ” |

| | | | | | |
|---|---|---|---|---|---|
| 2003-04 | ചെലവ് ഓഡിറ്റ് 3-2 | 2006-07 | 4.13.1 | മുനി.റസ്റ്റ് ഹൗസ് ലേലം-മുനിസിപ്പൽ ഫണ്ടിനു നഷ്ടം | ” |
| 2004-05 | ഖ.2-25 ചെലവ് | 2007-08 | 4.5.1 | ഐ.എസ്സ്.യു.ഐ- കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചു- 30 ലക്ഷം രൂപ | ” |
| 2014-15 | ഖ. 3-16 | 2015-16 | 9.4 (ഓഡിറ്റ് ഇംപാക്ട്) | ടാർ നൽകിയതിൽ കുറവ്. 9.31 ലക്ഷം രൂപ സിഡ്കോയിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടച്ചു | സമാനമായ അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ് |

കുറിപ്പ്: മേൽ സൂചിപ്പിച്ച ഖണ്ഡികകൾ കൂടാതെ വിവിധ സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പൊതുഅവലോകനം,പ്രവർത്തനാവലോകന റിപ്പോർട്ടുകൾ, ലഘു അവലോകനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള പൊതു പരാമർശങ്ങളിൽ ചങ്ങനാശേരി നഗരസഭയെ സംബന്ധിച്ച് പരാമർശിച്ചിട്ടുള്ള വിഷയങ്ങളിന്മേലുള്ള കാലിക സ്ഥിതിവിവരവും അറിയിക്കേണ്ടതാണ് (സമാഹൃത റിപ്പോർട്ട് വർഷം 2009-10 ഖ 2.3,2.1(2)2011-12 ഖ. 2.1(2),2.3,2.9(5)3.1.6,3.2.13,3.3.6 2012-13 ഖ. 2.6.,3.1,3.3.19 2013-14 ഖ. 5.1.5,5.2.4,6.1.2 2014-15 ഖ. 4.1.6,4.1.7, 4.1.8,5.7.5 2015-16 ഖ. 3.6.2,3.7.8,4.2.8 2017-18 ഖ. 2.2).

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| റസീപ്റ്റ് ആന്റ് പെയ്മെന്റ് പത്രിക പ്രകാരം ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 30,74,97,815 |
| ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം ഓഡിറ്റ് വർഷത്തെ ആകെ വരുമാനം | | 25,25,53,154 |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് പത്രിക പ്രകാരം ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 23,77,02,384 |
| ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 24,70,50,456 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15,714 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,78,000 |

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-23 | | 15,714 | ഷെജി കെ എസ്, പ്രോജക്ട് |

| | | | |
|---|---|---|---|
| | | | ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,78,000 | ശ്രീ ഷിബു വി പി, സെക്രട്ടറി |
| 1-32 | 2,00,000 | ശ്രീ ബാബു കെ.കെ, ഹെൽത്ത് സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം :

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-15-1 | 57,564 (ജി.എസ്.ടി) |
| 1-15-2 | 22,140 (ജി.എസ്.ടി) |
| 1-15-3 | 7,053 (എഫ്.ഡി.ടി) |

(ഡി)നഷ്ടംനിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ:

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീ ഷെജി കെ എസ് പ്രോജക്ട് ഓഫീസർ | മഴപ്പെയ്യത്ത്, ആദിനാട് സൗത്ത് കാട്ടിൽക്കടവ് പി ഒ, കരുനാഗപ്പള്ളി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1990-91 | എൽ.എഫ്.സി2-343/95, തീയതി, 30.10.95/12.1.96 | 49 | ഓഡിറ്റ് അദാലത്തുമായി ബന്ധപ്പെട്ട് ശേഖരിച്ച വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രകാരം |
| 1991-92 | എൽ.എഫ്.സി2-246/97, തീയതി, 07.12.98 | 17 | ” |
| 1992-93 | എൽ.എഫ്.സി2-83/96, തീയതി, 18.7.96 | 33 | ” |
| 1993-94 | എൽ.എഫ്.സി2-347/96, തീയതി, 28.4.97 | 80 | ” |
| 1995-96 | എൽ.എഫ്.സി2-78/07,തീയതി, 18.4.07/7.5.07 | 7 | ” |
| 1996-97 | എൽ.എഫ്.സി2-233/01, തീയതി, 11.12.01 | 28 | ” |
| 1997-98 | എൽ.എഫ്.സി2-223/01, തീയതി, 01.07.02 | 38 | ” |
| 1998-99 | എൽ.എഫ്.സി2-22/01, തീയതി, 21.10.02 | 24 | ” |
| 1999-2000 | എൽ.എഫ്.സി2-60/03, തീയതി, 29.08.03 | 5 | ” |
| 2000-01 | എൽ.എഫ്.സി2-216/04, തീയതി, 29.08.05 | 33 | ” |
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.സി2-189/05, തീയതി, 3.10.05 | 25 | ” |
| 2001-02 (ചെലവ്) | എൽ.എഫ്.സി2-252/09,തീയതി, 07.12.09 | 31 | ” |
| 2001-02 (വരവ്) | എൽ.എഫ്.സി2-300/09,തീയതി, 02.01.10 | 11 | ” |
| 2002-03 (ചെലവ്) | എൽ.എഫ്.സി2-345/07,തീയതി, 31.10.08 | 50 | ” |
| 2002-03 (വരവ്) | എൽ.എഫ്.സി2-244/08,തീയതി, 02.03.09 | 10 | ” |
| 2003-04 (ചെലവ്) | എൽ.എഫ്.സി2-187//08, തീയതി, 07.12.09 | 21 | ” |
| 2003-04 (വരവ്) | എൽ.എഫ്.സി2-221/08, തീയതി, 03.03.09 | 3 | ” |
| 2004-05 (ചെലവ്) | എൽ.എഫ്.സി2-213/07/31.08.2007 /18.09.2007 | 14 | ” |
| 2004-05 (വരവ്) | എൽ.എഫ്.സി2-57എ /08, തീയതി, 13.03.09 | 8 | ” |
| 2005-06 | എൽ.എഫ്.സി2-197/09, തീയതി, 27.03.09 | 14 | ” |
| 2006-07 | എൽ.എഫ്.സി2-33/09, തീയതി, 22.05.10 | 19 | ” |
| 2007-08 | എൽ.എഫ്.സി2-416/10, തീയതി, 31.05.2011 | 17 | ” |
| 2008-09 | എൽ.എഫ്.സി2-227/09,തീയതി, 29.11.2012 | 45 | ” |
| 2009-10 | എൽ.എഫ്.സി2-400/12, തീയതി, 19.04.2013 | 21 | ” |
| 2010-11 | എൽ.എഫ്.സി2-270/2011,തീയതി, 08.11.2013 | 16 | ” |
| 2011-12 | എൽ.എഫ്.സി2-146/13,തീയതി, 28.05.14 | 24 | ” |
| 2012-13 | എൽ.എഫ്.സി2-88/2014, തീയതി, 12.03.15 | 37 | ” |
| 2013-14 | കെ.എസ്.എ.സി.വൈ.എം2-81/2015,തീയതി, 15.01.2016 | 35 | ” |
| 2014-15 | നം.കെ.എസ്.സി.വൈ.എം.3-140/2016, തീയതി, 27.07.2016 | 44 | ” |
| 2015-16 | നം.കെ.എസ്.എ.സി.വൈ.എം.3-34/2017 തീയതി 31.01.2017 | 32 | ” |
| 2016-17 | നം.കെ.എസ്.എ.സി.വൈ.എം.3-394/2017 | 36 | ” |

| | | | |
|---|---|---|---|
| | തീയതി 30.12.2017 | | |
| 2017-18 | നം.കെ.എസ്.എ.സി.വൈ.എം.3-46/2019 തീയതി 10.4.2019 | 57 | |
| 2018-19 | നം.കെ.എസ്.എ.-സി.വൈ.എം3-89/2020 തീയതി:- 24/04/2020 | 55 | |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, ചങ്ങനാശ്ശേരി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, ചങ്ങനാശ്ശേരി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്